بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാള്യം 1

വാർഷിക വരിസംഖ്യ 300 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

The weekly BADAR Qadian Malayalam

ലക്കം 14

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2016 ജൂൺ 9/ഹി:ശം:1395 ഇഹ്സാൻ 9/ഹി:ഖ: 1437 റമളാൻ 3


## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 2016 മെയ് 6 ന് ഡെന്മാർക്കിലെ നുസ്റത്ത് ജഹാൻ മസ്ജിദിൽ ജുമുഅ ഖുത്ബ നിർവഹിച്ചു.അതിന്റെ പൂർണരൂപം ഈ ലക്കം പേജ് 3-ൽ വായിക്കുക.

സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയംവരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്കലനാ ഫീ ഉംരിഹീ വ അംരിഹീ.

**മോക്ഷത്തിന്റെ അച്ചുതണ്ട് തൗഹീദാണെന്ന കാര്യം നാം വിവരിച്ചു കഴിഞ്ഞു. അത് സാത്താനികമായ തൗഹീദിൽനിന്നു വേർപെട്ടൊരു കാര്യമാണ്. അത് കാലത്തിന്റെ നബി (സ) തിരുമേനിയിൽ വിശ്വസിക്കുകയും അദ്ദേഹത്തെ അനുധാവനം ചെയ്യുകയും ചെയ്യാതെ കൈവരിക സാധ്യമല്ല. റസൂലിനെ അനുഗമിക്കാതെയുള്ള ശുഷ്കിച്ച തൗഹീദ് ഒരു പ്രയോജനവും ചെയ്യുകയില്ല. മറിച്ച് അത് ശവം പോലെയാണ്; അതിൽ ആത്മാവില്ല.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

മോക്ഷത്തിന്റെ അച്ചുതണ്ട് തൗഹീദാണെന്ന കാര്യം നാം വിവരിച്ചു കഴിഞ്ഞു. അത് സാത്താനികമായ തൗഹീദിൽനിന്നു വേർപെട്ടൊരു കാര്യമാണ്. അത് കാലത്തിന്റെ നബി അതായത് നബി(സ) തിരുമേനിയിൽ വിശ്വസിക്കുകയും അദ്ദേഹത്തെ അനുധാവനം ചെയ്യുകയും ചെയ്യാതെ കൈവരിക സാധ്യമല്ല. റസൂലിനെ അനുഗമിക്കാതെയുള്ള ശുഷ്കിച്ച തൗഹീദ് ഒരു പ്രയോജനവും ചെയ്യുകയില്ല. മറിച്ച് അത് ശവം പോലെയാണ്. അതിൽ ആത്മാവില്ല. ഇനിയുള്ളത് വിശുദ്ധഖുർആൻ നമ്മുടെ വിശദീകരണമനുസരിച്ച് മനുഷ്യന്റെ മോക്ഷം റസൂലിനെ അനുഗമിക്കുന്നതോട് ബന്ധിപ്പിച്ചിട്ടുണ്ടോ, ഇല്ലേ എന്ന വിവരണമാണ്. ഈ യാഥാർഥ്യം മനസ്സിലാക്കിത്തരുന്നതിനുവേണ്ടി ഖുർആനിക വചനങ്ങൾ നാം സമർപിക്കുകയാണ്.

(۱) قولہ تعالیٰ- قُلۡ اَطِیۡعُوا اللّٰہَ وَاَطِیۡعُوا الرَّسُوۡلَ (الجزو نمبر ۱۸ سورۃ نور)

“പറയുക: അല്ലാഹുവിനെ അനുസരിക്കുക; റസൂലിനേയും.” (24:55) കല്പനയെ ധിക്കരിക്കുകയെന്നത് പാപവും നരകത്തിൽ കടക്കേണ്ടതിന് കാരണവുമാണെന്നത് ഖണ്ഡിതവും അവിതർക്കിതവുമായ കാര്യമാണ്. ഇവിടെ അല്ലാഹു ഏതു രീതിയിൽ തന്നെ അനുസരിക്കണമെന്ന് ആജ്ഞാപിക്കുന്നുവോ അതേ രീതിയിൽതന്നെ റസൂലിനെ അനുസരിക്കണമെന്നും ആജ്ഞാപിക്കുന്നു. ആരെങ്കിലും അവന്റെ കല്പനയിൽനിന്ന് മുഖം തിരിച്ചാൽ ഏതൊരു കുറ്റകൃത്യത്തിന്റെ ശിക്ഷ നരകമാണോ അതേ കുറ്റമാണ് അയാൾ ചെയ്യുന്നത്.

(۲) قولہ تعالیٰ- یٰۤاَیُّہَا الَّذِیۡنَ اٰمَنُوۡا لَا تُقَدِّمُوۡا بَیۡنَ یَدَیِ اللّٰہِ وَرَسُوۡلِہٖ وَاتَّقُوا اللّٰہَ ؕ اِنَّ اللّٰہَ سَمِیۡعٌ عَلِیۡمٌ (الجزو نمبر ۲۶ سورۃ حجرات)

“വിശ്വസിച്ചവരേ, അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കല്പനയെ മുൻകടന്ന് നിങ്ങൾ ഒരു കാര്യവും ചെയ്യരുത്. അതായത് അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കല്പനകളിൽ കൃത്യമായി സഞ്ചരിക്കുക. ധിക്കാരം പ്രവർത്തിക്കുന്നതിൽ അല്ലാഹുവിനെ ഭയപ്പെടുക. അല്ലാഹു കേൾക്കുകയും ചെയ്യുന്നു. അറിയുകയും ചെയ്യുന്നു.” (49:2). ഏതൊരുവൻ തന്റെ ശുഷ്കിച്ച തൗഹീദിൽ വിശ്വസിച്ച് (അത് വാസ്തവത്തിൽ ആ ശരിയായ തൗഹീദല്ല) റസൂലിൽനിന്ന് തന്നെ സ്വതന്ത്രനായി മനസ്സിലാക്കുകയും റസൂലിൽനിന്ന് ബന്ധം വിച്ഛേദിക്കുകയും, അദ്ദേഹത്തിൽനിന്ന് പൂർണമായും തന്നെ മാറ്റി നിറുത്തുകയും അപമര്യാദയായി ചുവടു മുന്നോട്ടു വെക്കുകയും ചെയ്യുന്നുവോ അവൻ അല്ലാഹുവിനെ ധിക്കരിക്കുന്നവനും മോക്ഷം ലഭിക്കാത്തവനുമാണ്.

(۳) قولہ تعالیٰ- مَنۡ کَانَ عَدُوًّا لِّلّٰہِ وَمَلٰٓئِکَتِہٖ وَرُسُلِہٖ وَجِبۡرِیۡلَ وَمِیۡکٰلَ فَاِنَّ اللّٰہَ عَدُوٌّ لِّلۡکٰفِرِیۡنَ (الجزو نمبر ۱ سورۃ بقرۃ)

ആരെങ്കിലും അല്ലാഹുവിന്റേയും അവന്റെ മലക്കുകളുടേയും അവന്റെ റസൂൽമാരുടേയും ജിബ്രീലിന്റേയും മീക്കാഈലിന്റേയും ശത്രുവാകുന്നതായാൽ അല്ലാഹു അത്തരം നിഷേധികളുടെ ശത്രുവാകുന്നു.” (2:99). ശുഷ്കിച്ച തൗഹീദിനെ അംഗീകരിക്കുകയും എന്നാൽ, നബി(സ) തിരുമേനിയെ നിഷേധിക്കുകയും ചെയ്യുന്നവൻ യാഥാർഥത്തിൽ നബി(സ) തിരുമേനിയുടെ ശത്രുവാകുന്നു. ഇതുകൊണ്ട് ഈ ആയത്തനുസരിച്ച് അല്ലാഹുവും അവന്റെ ശത്രുവാണ്. ദൈവത്തിന്റെ മോക്ഷം പ്രാപിക്കുവാൻ അവനെങ്ങനെ സാധിക്കും.

(۴) قولہ تعالیٰ- یٰۤاَیُّہَا الَّذِیۡنَ اٰمَنُوۡۤا اٰمِنُوۡا بِاللّٰہِ وَرَسُوۡلِہٖ وَالۡکِتٰبِ الَّذِیۡ نَزَّلَ عَلٰی رَسُوۡلِہٖ وَالۡکِتٰبِ الَّذِیۡۤ اَنۡزَلَ مِنۡ قَبۡلُ ؕ وَمَنۡ یَّکۡفُرۡ بِاللّٰہِ وَمَلٰٓئِکَتِہٖ وَکُتُبِہٖ وَرُسُلِہٖ وَالۡیَوۡمِ الۡاٰخِرِ فَقَدۡ ضَلَّ ضَلٰلًۢا بَعِیۡدًا (الجزو نمبر ۵ سورۃ نساء)

“സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിൽ വിശ്വസിക്കുക; അവന്റെ റസൂലിലും, റസൂലിന് അവൻ ഇറക്കിക്കൊടുത്ത കിത്താബിലും.” അതായത് വിശുദ്ധഖുർആനിലും അതിനു മുമ്പേ ഇറക്കിയ കിതാബുകളിലും അതായത് തൗറാത്ത് തുടങ്ങിയവയിൽ വിശ്വസിക്കുക. “ആരെങ്കിലും അല്ലാഹുവിലും അവന്റെ മലക്കുകളിലും അവന്റെ ഗ്രന്ഥങ്ങളിലും അവന്റെ ദൂതന്മാരിലും അന്ത്യദിനത്തിലും വിശ്വസിക്കാതിരുന്നാൽ തീർച്ചയായും അവൻ സത്യത്തിൽനിന്ന് ബഹുദൂരം പിഴച്ചു പോയിരിക്കുന്നു”(4:137). അതായത് മോക്ഷപ്രാപ്തിയിൽനിന്ന് പിന്തളളപ്പെട്ടിരിക്കുന്നു.

(۵) قولہ تعالیٰ- وَمَا کَانَ لِمُؤۡمِنٍ وَّلَا مُؤۡمِنَۃٍ اِذَا قَضَی اللّٰہُ وَرَسُوۡلُہٗۤ اَمۡرًا اَنۡ یَّکُوۡنَ لَہُمُ الۡخِیَرَۃُ مِنۡ اَمۡرِہِمۡ ؕ وَمَنۡ یَّعۡصِ اللّٰہَ وَرَسُوۡلَہٗ فَقَدۡ ضَلَّ ضَلٰلًا مُّبِیۡنًا (الجزو نمبر ۲۲ سورۃ احزاب)

“അല്ലാഹുവും അവന്റെ റസൂലും ഒരു കാര്യം തീരുമാനിച്ചു കഴിഞ്ഞാൽ സത്യവിശ്വാസിയായ പുരുഷനോ സ്ത്രീയോ തങ്ങളുടെ കാര്യത്തിൽ ഇഷ്ടാനുസരണം പ്രവർത്തിക്കാൻ പാടുള്ളതല്ല. ആരെങ്കിലും അല്ലാഹുവിനേയും അവന്റെ റസൂലിനേയും ധിക്കരിക്കുകയാണെങ്കിൽ അവൻ വ്യക്തമായ ദുർമാർഗത്തിലകപ്പെട്ടു കഴിഞ്ഞിരിക്കുന്നു.”(33:37) അതായത് സത്യത്തിന്റെ വക്താക്കൾക്കുള്ളതാണ് മോക്ഷം.

(۶) قولہ تعالیٰ- وَمَنۡ یَّعۡصِ اللّٰہَ وَرَسُوۡلَہٗ وَیَتَعَدَّ حُدُوۡدَہٗ یُدۡخِلۡہُ نَارًا خَالِدًا فِیۡہَا ۪ وَلَہٗ عَذَابٌ مُّہِیۡنٌ (الجزو نمبر ۴ سورۃ نساء)

“ആരെങ്കിലും അല്ലാഹുവിനേയും അവന്റെ റസൂലിനേയും ധിക്കരിക്കുകയും അവന്റെ നിയമ പരിധികളെ ലംഘിക്കുകയും ചെയ്യുകയാണെങ്കിൽ അല്ലാഹു അവനെ നരകത്തിൽ പ്രവേശിപ്പിക്കും. അവൻ അതിൽ നിത്യവാസിയായിരിക്കും. അവനിൽ നിന്ദ്യമായ ശിക്ഷയിറങ്ങുകയും ചെയ്യും.” (4:15) നോക്കുക, റസൂലുമായി ബന്ധം വിച്ഛേദിക്കുന്നതുകൊണ്ട് ഇതിനെക്കാൾ വലിയ ശിക്ഷ എന്താണ് വേണ്ടത്? പ്രതാപവാനായ അല്ലാഹു പറയുന്നു, ആരാണോ റസൂലിനെ ധിക്കരിക്കുന്നത് അവന് നിത്യനരകമാണ് വാഗ്ദാനം ചെയ്തിട്ടുള്ളത്.

എന്നാൽ, മിയാൻ അബ്ദുൽ ഹക്കീം ഖാൻ പറയുന്നത്, ആരെങ്കിലും ആദരണീയനായ നബി(സ) തിരുമേനിയെ നിഷേധിക്കുകയും ധിക്കരിക്കുകയും ചെയ്താലും, തൗഹീദിൽ അടിയുറച്ചു നിന്നാൽ നിസ്സംശയം അയാൾ സ്വർഗത്തിൽ പോകുമെന്നാണ്. ആദരണീയനായ നബി(സ) തിരുമേനിയെ എതിർക്കുകയും ധിക്കരിക്കുകയും ചെയ്തിട്ട് സ്വർഗംവരെ എത്തിക്കുന്ന എത്തരം തൗഹീദാണ് അദ്ദേഹത്തിന്റെ ഉള്ളിലുള്ളതെന്ന് എനിക്കറിയില്ല. **(ശേഷം പേജ് 8ൽ)**

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്റാൻ ബദർ ബോർഡ്,ഖാദിയാൻ

# സയ്യിദുനാ അമീറുൽ മുഅ്മിനീന്റെ ഡെന്മാർക്കു പര്യടനം-2016 മെയ്

**04-05-2016(ബുധൻ)**

ഇന്ന് ഹദ്റത്ത് അമീറുൽ മുഅ്മിനീൻ മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹ് സ്കാൻഡിനേവിയൻ(Scandinavia) രാജ്യങ്ങളായ ഡെന്മാർക്കും സ്വീഡനും സന്ദർശിക്കുന്നതിന് പുറപ്പെട്ടു.

2005-ൽ ജർമനി പര്യടനം പൂർത്തിയാക്കിയതിനുശേഷം അമീറുൽ മുഅ്മിനീൻ 2005 സെപ്റ്റംബർ 6 ചൊവ്വാഴ്ച മുതൽ സെപ്റ്റംബർ 11 ഞായറാഴ്ച വരെ ഡെന്മാർക്കിൽ ആദ്യ പര്യടനം നടത്തിയിരുന്നു.

2011-ൽ അമീറുൽ മുഅ്മിനീൻ ജർമൻ യാത്രയിൽ ഹംബർഗ് HAMBURG താമസത്തിന്നിടെ 2011 ഒക്ടോബർ 9 ന് വെറും ഒരു ദിവസത്തേക്ക് വടക്കൻ ഡെന്മാർക്കിലെ ജനവാസനഗരമായ നക്സ്കോവിൽ (NAKSKOV)പോയിരുന്നു. മറ്റു വിവിധ പരിപാടികൾക്കു പുറമെ ഇവിടെ താമസിക്കുന്ന അൽബേനിയായിലേയും (ALBANIA) കൊസോവൊയിലേയും(KOSOVO) അഹ്മദികളും കുടുംബങ്ങളും അമീറുൽ മുഅ്മിനീനുമായി കൂടിക്കാഴ്ചയ്ക്കുള്ള ഭാഗ്യവും കരസ്ഥമാക്കിയിരുന്നു.

ഡെന്മാർക്കിലെ രണ്ടാമത്തെ ഈ ഔദ്യോഗിക പര്യടനത്തിന് വളരെ പ്രധാനപ്പെട്ട ഒരു പ്രത്യേകത കോപ്പൻഹേഗിലെ "മസ്ജിദ് നുസ്റത്ത് ജഹാൻ" നോടു ചേർന്ന് പുതിയതായി നിർമിച്ചിട്ടുള്ള സമ്പൂർണ കോംപ്ലക്സിന്റെ-മിഷൻഹൗസിന്റേയും ഓഫീസുകളുടേയും വിശാലമായ ഹാളുകളുടേയും ലൈബ്രറിയുടേയും താമസ സ്ഥലത്തിന്റേയും ഗസ്റ്റുഹൗസ് തുടങ്ങിയവയുടേയും ഉൽഘാടനമാണ്.

ഡെന്മാർക്കിൽനിന്ന് ഈ അനുഗൃഹീത യാത്രയ്ക്ക് ആരംഭം കുറിച്ചത് 2016 മെയ് 4 ബുധനാഴ്ചയായിരുന്നു. ഉച്ചയ്ക്ക് പന്ത്രണ്ടര മണിക്ക് അമീറുൽ മുഅ്മിനീൻ തന്റെ താമസസ്ഥലത്തുനിന്ന് വെളിയിൽവന്നു. തങ്ങളുടെ പ്രിയ നേതാവിനെ യാത്ര അയക്കുന്നതിനുവേണ്ടി ജമാഅത്തംഗങ്ങൾ ലണ്ടനിലെ മസ്ജിദ് ഫള്ലിന്റെ മുറ്റത്ത് തടിച്ചുകൂടിയിരുന്നു. അമീറുൽ മുഅ്മിനീൻ ദുആ ചെയ്യിച്ചു. തന്റെ കൈകളുയർത്തി എല്ലാവർക്കും അസ്സലാമുഅലയ്ക്കും പറഞ്ഞു. എയർപോർട്ടിലേക്ക് യാത്രതിരിച്ചു.

അമീറുൽ മുഅ്മിനീൻ എയർപോർട്ടിലെത്തുന്നതിനുമുമ്പേ സാധനങ്ങളുടെ ബുക്കിംഗും ബോർഡിംഗ് പാസ് വാങ്ങലും ഇമിഗ്രേഷൻ നടപടികളുമെല്ലാം ഒരു പ്രത്യേകമായ ഏർപാടുകൾക്ക് വിധേയമായി നടന്നു കഴിഞ്ഞിരുന്നു.

1.10 ന് അമീറുൽ മുഅ്മിനീൻ എയർപോർട്ടിലെത്തി. പ്രോട്ടോകോൾ ഓഫീസർ അമീറുൽ മുഅ്മിനീനെ സ്വാഗതം ചെയ്തു സ്വീകരിച്ചു. അമീറുൽ മുഅ്മിനീൻ സ്പെഷ്യൽ ലോഞ്ചിലേക്ക് പോയി.

യു.കെ. അമീർ റഫീഖ് അഹ്മദ് ഹയാത്ത് സാഹിബ്, വക്കാലത്ത് തബ്ശീർ ലണ്ടൻ അഖ്ലാഖ് അഹ്മദ് സാഹിബ്, മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ യു.കെ.സ്വദർ സാഹിബ്സാദ മിർസാ വഖാസ് അഹ്മദ് സാഹിബ്, നായിബ് അഫ്സർ ഹിഫാളത്തെ ഖാസ് സയ്യിദ് മുഹമ്മദ് അഹ്മദ് നാസിർ സാഹിബ് തുടങ്ങിയവർ അമീറുൽ മുഅ്മിനീനെ യാത്ര അയക്കുന്നതിനുവേണ്ടി എയർപോർട്ടിലെത്തിയിരുന്നു. അവരെല്ലാവരും അമീറുൽ മുഅ്മിനീനുമായി ഹസ്തദാനം ചെയ്തു. അമീറുൽ മുഅ്മിനീൻ യാത്ര പറഞ്ഞു.

2.10 ന് അമീറുൽ മുഅ്മിനീൻ വിമാന യാത്രക്കായി ലോഞ്ചിൽനിന്ന് പുറപ്പെട്ടു. അമീറുൽ മുഅ്മിനീന്റെ കാർ പ്രത്യേകമായ സംവിധാനത്തിൽ വിമാനത്തിന്റെ അടുത്തു കൊണ്ടുവരപ്പെട്ടു. പ്രോട്ടോകോൾ ഓഫീസർ അമീറുൽ മുഅ്മിനീനെ യാത്രയാക്കി തിരിച്ചുപോയി.

ബ്രിട്ടീഷ് എയർവെയ്സിന്റെ വിമാനം BA618 2.35 ന് ലണ്ടനിലെ ഹേത്രോ(HEATHROW) എയപോർട്ടിൽ നിന്ന് ഡെന്മാർക്കിലെ കോപ്പൺഹേഗൺ (COPENHAGEN) വിമാനത്താവളത്തിലേക്ക് യാത്ര തിരിച്ചു.

ഒരു മണിക്കൂർ അമ്പതുമിനിറ്റ് പറക്കലിനുശേഷം ഡെന്മാർക്കിലെ പ്രാദേശിക സമയമനുസരിച്ച് 5.25ന് (COPENHAGEN)വിമാനത്താവളത്തിൽ ഇറങ്ങി. അങ്ങനെ അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹിന്റെ അനുഗൃഹീത പാദങ്ങൾ ഡെന്മാർക്കിന്റെ മണ്ണിൽ മൂന്നാവട്ടവും പതിഞ്ഞു.

ഡെന്മാർക്കിന്റെ സമയം ലണ്ടൻ സമയത്തെക്കാൾ ഒരു മണിക്കൂർ മുമ്പിലാണ്. അമീറുൽ മുഅ്മിനീൻ വിമാനത്തിൽനിന്ന് പുറത്തുവന്നപ്പോൾ പ്രോട്ടോകോൾ ഓഫീസറുടെ കൂടെ ഡെന്മാർക്ക് അമീറും മുബല്ലിഗ് ഇൻചാർജുമായ മുഹമ്മദ് സക്കരിയ ഖാൻ സാഹിബും ഡെന്മാർക്ക് മുബല്ലിഗും ഡെന്മാർക്ക് സ്വദർ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയായുമായ മുഹമ്മദ് ഇക്റാം മഹ്മൂദ് സാഹിബും അമീറുൽ മുഅ്മിനീനെ സ്വാഗതം ചെയ്ത് സ്വീകരിക്കുയും ഹസ്തദാനഭാഗ്യം കരസ്ഥമാക്കുകയും ചെയ്തു.

അമീറുൽ മുഅ്മിനീന്റെ കാർ വിമാനത്തിന്റെ അടുത്തുതന്നെയാണ് പാർക്കു ചെയ്തിരുന്നത്. ഒരു വിധത്തിലുള്ള എമിഗ്രേഷൻ പ്രൊസസുമില്ലാതെ അവിടെനിന്ന് കാറുമാർഗം ജമാഅത്തിന്റെ കേന്ദ്രമായ 'മസ്ജിദ് നുസ്റത്ത് ജഹാനി'ലേക്ക് യാത്ര ആരംഭിച്ചു.

അമീറുൽ മുഅ്മിനീൻ 6.15ന് 'മസ്ജിദ് നുസ്റത്ത് ജഹാനി'ലെത്തി. ജമാഅത്തിലെ പുരുഷന്മാരും സ്ത്രീകളും തങ്ങളുടെ പ്രിയപ്പെട്ട ഇമാമിനെ വരവേറ്റു. കുട്ടികളുടെ സംഘങ്ങൾ സ്വാഗതഗാനം അവതരിപ്പിച്ചു. അമീറുൽ മുഅ്മിനീൻ കാറിൽനിന്ന് പുറത്തിറങ്ങിയുടനെ ഡെന്മാർക്ക് മുബല്ലിഗ് നിഅ്മത്തുല്ലാഹ് ബിശാറത്ത് സാഹിബ്, മുബല്ലിഗ് ഡെന്മാർക്ക് ഫലാഹുദ്ദീൻ സാഹിബ് എന്നിവർ സ്വാഗതം ചെയ്ത് ഹസ്തദാനം കരസ്ഥമാക്കി. ഡെന്മാർക്ക് സ്വദർ ലജ്ന ഇമായില്ലാഹ് അമത്തുൽ മന്നാൻ സാഹിബ ബീഗം സാഹിബയെ വരവേറ്റു.

അമീറുൽ മുഅ്മിനീൻ കൈയുയർത്തി എല്ലാവർക്കും അസ്സലാമുഅലയ്ക്കും പറയുകയും തന്റെ താമസസ്ഥലത്തേക്ക് പോകുകയും ചെയ്തു.

ഇന്നത്തെ ദിവസം ഡെന്മാർക്ക് അഹ്മദിയ്യാ ജമാഅത്തിന് വളരെ അനുഗ്രഹത്തിന്റേയും സന്തോഷത്തിന്റേയും ആനന്ദത്തിന്റേയും ദിവസമായിരുന്നു. അമീറുൽ മുഅ്മിനീന്റെ അനുഗൃഹീത പാദം ഡെന്മാർക്കിന്റെ മണ്ണിൽ പതിഞ്ഞിരിക്കുന്നു. അല്ലാഹു ഈ സൗഭാഗ്യം ഈ ജമാഅത്തിന് അനുഗ്രഹത്തിനും നന്മയ്ക്കും കാരണമാക്കിത്തീർക്കട്ടെ.

അതിനുശേഷം അമീറുൽ മുഅ്മിനീൻ 6.40 ന് നുസ്റത്ത് ജഹാൻ മസ്ജിദിൽ ളുഹർ അസ്ർ നമസ്കാരങ്ങൾ ജംആക്കി നിർവഹിച്ചു. നമസ്കാരനിർവഹണത്തിനുശേഷം അമീറുൽ മുഅ്മിനീൻ നിർമാണം നടക്കുന്ന മിഷൻഹൗസും മറ്റു കെട്ടിടങ്ങളും നോക്കിക്കണ്ടു.

ഈ പുതിയ കോംബ്ലക്സിൽ മസ്ജിദ് നുസ്റത്ത് ജഹാനോടു ചേർന്നുള്ള സ്ഥലത്താണ് ലൈബ്രറി, ഓഫീസുകൾ, എട്ട് വാഷ്റൂമുകൾ, രണ്ടു ലോബി, ജമാഅത്തിന്റെ കിച്ചൻ തുടങ്ങിയവ നിർമിച്ചിട്ടുള്ളത്. താഴെ ബേസ്മെന്റിൽ(BASEMENT) വനിതകൾക്കുവേണ്ടി നമസ്കാരസെന്റർ നിർമിച്ചിട്ടുണ്ട്. ഇതിന്റെ വിസ്താരം 210 ചതുരശ്ര മീറ്ററാണ്. ഇതിനു പുറമെ ലജ്നയുടെ ഓഫീസ്, സൗണ്ട്സിസ്റ്റത്തിനുള്ള മുറി, ഒരു ടെക്നിക് മുറിയുമുണ്ട്. ഇതുകൂടാതെ നുസ്റത്ത് ജഹാൻ മസ്ജിദിന്റെ എതിർവശത്ത് റോഡിന്റെ മറുഭാഗത്ത് വളരെ പഴയതും പൊളിഞ്ഞു വീഴാറായതുമായ ഒരു വില്ല 1999-ൽ വിലക്കുവാങ്ങിയിരുന്നു. ആ കെട്ടിടം പൊളിച്ച് അവിടെ 363 ചതുരശ്ര മീറ്റർ അടങ്ങിയ ബേസ്മെന്റ്(BASEMENT)നിർമിക്കപ്പെട്ടിട്ടുണ്ട്. അതിൽ 8 ഓഫീസുകളുണ്ട്. 180 ചതുരശ്ര മീറ്റർ വലുപ്പമുള്ള ഒരു വിശാലമായ ഹാളുണ്ട്. ഒരു സ്റ്റോറും അതിലുണ്ട്.

ഈ ബേസ്മെന്റ്(BASEMENT) നുമീതെ 120 ചതുരശ്രമീറ്റർ വലുപ്പത്തിൽ മുറബ്ബിഹൗസ് നിർമിക്കപ്പെട്ടിരിക്കുന്നു. ഇതിനുപുറമെ രണ്ടുമുറികളും കിച്ചൻ തുടങ്ങിയ സൗകര്യത്തോടുംകൂടി ഒരു ഗസ്റ്റ് ഹൗസും നിർമിക്കപ്പെട്ടിരിക്കുന്നു. ഇപ്രകാരം ഈ വില്ലയുടെ സ്ഥാനത്ത് മൊത്തം 727 ചതുരശ്ര മീറ്റർ വലുപ്പത്തിൽ കെട്ടിടങ്ങൾ നിർമിതമായിരിക്കുന്നു. എല്ലാ കെട്ടിടങ്ങളുംകൂട്ടി മൊത്തത്തിൽ1209 ചതുരശ്രമീറ്ററിന്റെ പുതിയ നിർമാണമാണ് നടന്നത്. ഈ മുഴുവൻ കോംപ്ലക്സും വളരെ മനോഹരമാണ്. പരിശോധനയ്ക്കിടയിൽ അമീറുൽ മുഅ്മിനീൻ മസ്ജിദ് നുസ്റത്ത് ജഹാനോടു ചേർന്നുള്ള ഓഫീസുകളും ലൈബ്രറിയും സന്ദർശിച്ചതിനുശേഷം താഴെ വനിതകളുടെ നമസ്കാര ഹാളിലും പോയി. ആ അവസരത്തിൽ ഡെന്മാർക്ക് അമീർ സാഹിബ് പറഞ്ഞു: ഹാളിന്റെ ഒരു ഭാഗം മസ്ജിദിന് മുമ്പിലാണ്. അതുകൊണ്ട് മസ്ജിദിൽ ഭിത്തിയോടു ചേർത്ത് ഒരു അടയാളം ഇട്ടിരിക്കുന്നു. ആ അടയാളത്തിന്റെ പിന്നിൽ നിന്ന് നമസ്കരിക്കുന്നതിനുവേണ്ടിയാണ് അതിട്ടിരിക്കുന്നത്. അപ്പോൾ അമീറുൽ മുഅ്മിനീൻ മാർഗനിർദേശം നല്കിക്കൊണ്ടു പറഞ്ഞു: അടയാളമിട്ടാൽ മാത്രം പോര. കൃത്യമായും മുന്നിൽ ഒരു തടസമുണ്ടായിരിക്കേണ്ടതാണ്. അതിന്റെ പിന്നിൽത്തന്നെ നില്ക്കേണ്ടതാണ്. അതുകഴിഞ്ഞ് അമീറുൽ മുഅ്മിനീൻ വെളിയിൽനിന്നും കെട്ടിടം നോക്കിക്കണ്ടു. ഡെന്മാർക്ക് അമീർ സാഹിബിനോട് വിവിധ കാര്യങ്ങൾ ചോദിക്കുകയും മനസ്സിലാക്കുകയും ചെയ്തു. ഇതിനുശേഷം അമീറുൽ മുഅ്മിനീൻ 8 ഓഫീസുകളും ഒരു വലിയ ഹാളും നിർമിക്കപ്പെട്ടിരിക്കുന്ന കെട്ടിടത്തിന്റെ ബേസ്മെന്റ് ഭാഗത്തേക്ക് പോയി. ഓഫീസുകൾ കണ്ടതിനുശേഷം അമീറുൽ മുഅ്മിനീൻ ഹാളിൽ ആഗതനായി. അവിടെ സ്ത്രീകൾ അമീറുൽ മുഅ്മിനീനെ പ്രതീക്ഷിച്ചു നില്ക്കുകയായിരുന്നു. സ്ത്രീകൾ തങ്ങളുടെ പ്രിയങ്കരനായ ഇമാമിനെ നോക്കിക്കണ്ടു. കുട്ടികളുടെ സംഘങ്ങൾ കോറസിന്റ രൂപത്തിൽ പ്രാർഥനാ ഗീതങ്ങൾ പാടിയും സ്വാഗത ഗാനങ്ങൾ ആലപിച്ചും അമീറുൽ മുഅ്മിനീനെ വരവേറ്റു. അമീറുൽ മുഅ്മിനീൻ 25 മിനിറ്റുനേരം അവിടെ തങ്ങി. ഈ സമയത്ത് പെൺകുട്ടികൾ പദ്യങ്ങൾ ആലപിച്ചുകൊണ്ടേയിരുന്നു. സ്ത്രീകൾ അമീറുൽ മുഅ്മിനീനെ കണ്ട് അനുഗൃഹീതരായിക്കൊണ്ടിരുന്നു. അമീറുൽ മുഅ്മിനീൻ എല്ലാ പെൺകുട്ടികൾക്കും ചോക്ലേറ്റ് നല്കി അനുഗ്രഹിച്ചു. അതിനുശേഷം അമീറുൽ മുഅ്മിനീൻ ഗസ്റ്റുഹൗസ് നോക്കിക്കണ്ടു. പിന്നീട് താമസസ്ഥലത്തേക്ക് പോയി.

പരിപാടി അനുസരിച്ച് 9 മണിക്ക് അമീറുൽ മുഅ്മിനീൻ നുസ്റത്ത് ജഹാൻ മസ്ജിദിൽവന്ന് മഗ്രിബ് ഇശാ നമസ്കാരങ്ങൾ ജംആക്കി നമസ്കരിച്ചു. നമസ്കാരത്തിനുശേഷം അമീറുൽ മുഅ്മിനീൻ താമസസ്ഥലത്തേക്ക് പോയി. ഡെന്മാർക്ക് ജമാഅത്തിന്റെ മിഷൻ ആരംഭിച്ചത് 1958 സെപ്റ്റംബറിലാണ്. മുബല്ലിഗ് സയ്യിദ് കമാൽ യൂസുഫ് സാഹിബ് സ്വീഡനിൽനിന്ന് ആദ്യ പ്രാവശ്യം ഡെന്മാർക്കിൽ വന്നപ്പോഴായിരുന്നു അത്. ജമാഅത്തിന് ധാരാളം കഷ്ടപ്പാടുകളുണ്ടായിരുന്ന കാലമായിരുന്നു അത്. അദ്ദേഹം ആളുകളിൽനിന്ന് ലിഫ്റ്റുവാങ്ങിയാണ് തന്റെ യാത്ര മുഴുവിപ്പിച്ചത്. കുറച്ചുനാൾ യൂത്ത് ഹോസ്റ്റലിലും അദ്ദേഹം താമസിച്ചിരുന്നു. പിന്നീട് കുടുംബാതിഥി എന്ന നിലയിൽ വിവിധ വീടുകളിൽ താമസിച്ചു.

ഡെന്മാർക്കിലെ ആദ്യത്തെ തദ്ദേശ അഹ്മദി അബ്ദുസ്സലാം സാഹിബ് മേഡിസൻ ആയിരുന്നു. 1958-ൽ ബയ്അത്ത് ചെയ്ത അദ്ദേഹമാണ് വിശുദ്ധ ഖുർആനിന്റെ ഡാനിഷ് തർജമ ചെയ്തത്. അദ്ദേഹത്തിന് മുബല്ലിഗ് എന്ന നിലയിൽ സേവനം ചെയ്യാൻ തൗഫീഖ് പ്രാപിച്ചു.

ഡെന്മാർക്കിന്റെ തലസ്ഥാനമായ കോപ്പൺഹേഗിൽ സ്കാൻഡിനേവിയായിലെ(Scandinavia) ആദ്യത്തെ മസ്ജിദ് "മസ്ജിദ് നുസ്റത്ത് ജഹാ"ന് തറക്കല്ലിട്ടത്1966 മെയ് 6-നായിരുന്നു. **(ശേഷം പേജ് 8ൽ)**

# ഖുത്ബ ജുമുഅ

**നിങ്ങളുടെ കുടുംബങ്ങളുടെ അംഗസംഖ്യ വർധിച്ചിട്ടുണ്ടെങ്കിൽ, നിങ്ങളുടെ സമ്പത്ത് വർധിച്ചിട്ടുണ്ടെങ്കിൽ, ജമാഅത്തിന് പ്രത്യക്ഷമായ നിലയിലുള്ള കെട്ടിടങ്ങളുടെ അടിസ്ഥാനത്തിൽ വിശാലത അല്ലാഹു നല്കിയെങ്കിൽ, തീർചയായും നാം ഈ കാര്യങ്ങൾക്ക് അല്ലാഹുവിന് നന്ദിയുള്ളവരാകേണ്ടതാണ്. അല്ലാഹു നിങ്ങൾക്ക് അല്ലെങ്കിൽ നിങ്ങളുടെ പൂർവ പിതാക്കൾക്ക് അഹ്മദിയ്യത്ത് സ്വീകരിക്കുന്നതിനുള്ള തൗഫീഖ് നല്കിയെന്ന് ഞാൻ പറഞ്ഞിരുന്നു. ഇത് അല്ലാഹുവിന്റെ പ്രത്യേകമായ ഒരു അനുഗ്രഹമാണ്. അല്ലാഹു ഏതോ ഒരു നന്മയുടെ ഫലമായാണ് ഈ അനുഗ്രഹം നല്കിയിരിക്കുന്നത്. എന്നാൽ, അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ നിലനിറുത്തുന്നതിനുവേണ്ടി ഈ നന്മകളിൽ മുന്നോട്ട് കുതിക്കേണ്ടതും തങ്ങളുടെ അവസ്ഥകളെ മുമ്പത്തേതിനെക്കാൾ ഉത്തമമാക്കേണ്ടതും അനിവാര്യമാണ്. ഇവിടെ വിവിധതരക്കാരായ ആളുകൾ ഉണ്ട്. അഹ്മദിയ്യത്തിൽ ഉൾപ്പെട്ട എല്ലാവർക്കും എല്ലാ തരക്കാരായ ആളുകൾക്കും അവർ ജന്മനാ അഹ്മദികളാകട്ടെ, പിന്നീട് ബയ്അത്ത് ചെയ്ത് വന്നവരാകട്ടെ, ഹിജ്റത്ത് ചെയ്ത് വന്നവരാകട്ടെ, ഇവിടെ താമസിക്കുന്നവരാകട്ടെ, എല്ലാവരും ഈ കാര്യങ്ങളെ കുറിച്ച് ചിന്തിക്കേണ്ടതാണ്. ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) യുടെ സത്യസന്ധനായ ദാസന്റെ ബയ്അത്തിൽ വന്നതിന്റെ കടമ നിറവേറ്റുന്നതിനുവേണ്ടി ഇനി അവർ ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങൾ അനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കേണ്ടതാണ്. നന്മയിലും തഖ്‌വയിലും നിലകൊള്ളുന്നതിനും ജനങ്ങളോടു നല്ല നിലയിൽ പെരുമാറുന്നതിനും സൽസ്വഭാവങ്ങൾ മെച്ചപ്പെടുത്തുന്നതിനും തബ്‌ലീഗ് ചെയ്യുന്നതിനും ഈമാനികമായി അഭിവൃദ്ധിപ്പെടുന്നതിനും വ്യർഥമായ കാര്യങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിനും വേണ്ടി, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിവിധ മാർഗനിർദേശങ്ങളുദ്ധരിച്ചുകൊണ്ടുള്ള സുപ്രധാനമായ ഉപദേശങ്ങൾ. ഞങ്ങൾ ഒരുപാട് ദുആ ചെയ്തു, വലിയ നീണ്ട നീണ്ട ദുആകൾ ചെയ്തു എന്നാൽ, സ്വീകരിക്കപ്പെട്ടില്ല എന്ന് പറയുന്നവർ തങ്ങളുടെ ഹൃദയത്തെ പരിശോധിക്കുക. എവിടെയെങ്കിലും മറഞ്ഞിരിക്കുന്ന ശിർക്ക് വല്ലതുമുണ്ടോ എന്ന് നോക്കുക. ഏതെങ്കിലും വിധത്തിലുള്ള ബിദ്അത്തുകളിൽ ഉൾപെട്ടിട്ടുണ്ടോ? അല്ലെങ്കിൽ അല്ലാഹു നിരോധിച്ചിരിക്കുന്ന വല്ല കാര്യങ്ങളും ചെയ്തുപോകുന്നുണ്ടോ?**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**2016 മെയ് 6/1395 ശഹാദത്ത് 06**
**മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ് ലണ്ടൻ**

اِشْهَدُ أَنْ لَّا إِلٰهَ اِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَ رَسُوْلُهُ

أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

اَلْحَمْدُ لِلّٰهِ رَبِّ الْعَالَمِيْنَ ۔ اَلرَّحْمٰنِ الرَّحِيْمِ ۔ مٰلِكِ يَوْمِ الدِّيْنِ ۔ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ ۔

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۔ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۔

ഏകദേശം 11 വർഷം മുമ്പേ ഞാൻ ഇവിടെ വന്നിരുന്നു. സമയം കടന്ന് പോകുന്നത് അറിയുന്നില്ല. പലരും കുട്ടികളായിരുന്നു. ഇപ്പോൾ യുവാക്കളായിട്ടുണ്ടാകും. കുട്ടികളുടെ മാതാപിതാക്കൾ ആയിട്ടുണ്ടാകും പലരും. ഇവിടെ അല്ലാഹു ജമാഅത്തിനുമേൽ ബാഹ്യമായ നിലയിലും ഒരുപാട് അനുഗ്രഹം ചൊരിഞ്ഞിട്ടുണ്ട്. മസ്ജിദിനോടു അനുബന്ധിച്ച് ഒരു വലിയ ഹാളും ഓഫീസുകളും ലൈബ്രറിയും മറ്റു സൗകര്യങ്ങളും ലഭിച്ചിരിക്കുന്നു. അതുപോലെ തന്നെ മസ്ജിദിനു മുമ്പിൽ വാങ്ങിയിട്ടുള്ള കെട്ടിടത്തിൽ, അതിനെക്കാൾ വലിയ വിശാലതയാണ് ഉണ്ടായിട്ടുള്ളത്. മിഷണറിയുടെ താമസസ്ഥലം, ഗസ്റ്റ് ഹൗസ്, ഒരു വലിയ ഹാളും ലഭിച്ചിട്ടുണ്ട്. ഇതെല്ലാം അല്ലാഹുവിന്റെ അനുഗ്രഹങ്ങളാണ്. നിങ്ങളുടെ കുടുംബങ്ങളുടെ അംഗസംഖ്യ വർധിച്ചിട്ടുണ്ടെങ്കിൽ, നിങ്ങളുടെ സമ്പത്ത് വർധിച്ചിട്ടുണ്ടെങ്കിൽ, ജമാഅത്തിന് പ്രത്യക്ഷമായ നിലയിലുള്ള കെട്ടിടങ്ങളുടെ അടിസ്ഥാനത്തിൽ വിശാലത അല്ലാഹു നല്കിയെങ്കിൽ, തീർചയായും നാം ഈ കാര്യങ്ങൾക്ക് അല്ലാഹുവിന് നന്ദിയുള്ളവരാകേണ്ടതാണ്. ഈ നന്ദി പ്രകടനം ഏതുവിധത്തിലായിരിക്കണം? ഇത് എന്താണ് ആവശ്യപ്പെടുന്നത്? നമ്മൾ ഈ കാലഘട്ടത്തിലെ ഇമാമിനെ വിശ്വ സിക്കുന്നവരാണല്ലോ. ഈമാൻ സുറയ്യ (കാർത്തിക നക്ഷത്രം)വരെ പോയാലും അതിനെ തിരിച്ചുകൊണ്ടു വരുമെന്ന് ഏതൊരാളെ കുറിച്ചാണോ നബി(സ)തിരുമേനി പറഞ്ഞത് ആ വ്യക്തിയിൽ ദൃഢമായി വിശ്വസിക്കുന്നവരാണ് നമ്മൾ. അതുകൊണ്ടു തന്നെ നമ്മൾ നമ്മുടെ ചിന്താഗതികളേയും വിശ്വാസിക ളുടേതാക്കിമാറ്റേണ്ടതുണ്ട്. നാം ബാഹ്യനിലയിലു ള്ള നന്ദിപ്രകടനമോ അല്ലെങ്കിൽ വായകൊണ്ട് അൽഹംദുലില്ലാഹ് എന്ന് പറഞ്ഞതുകൊണ്ടോ സന്തോഷിക്കുന്നവരാകാൻ പാടില്ല. മറിച്ച്, നമ്മൾ അല്ലാഹു പറഞ്ഞു തന്ന കല്പനകളനുസരിച്ച് പ്രവർത്തിക്കുന്നുണ്ടോ, നമ്മൾ ഒരു വിശ്വാസിയുടേതായ ജീവിതം കഴിച്ചുകുട്ടുന്നുണ്ടോ എന്ന കാര്യം നോക്കേണ്ടതായിട്ടുണ്ട്. അവയുടെ വിശദീകരണമാണ് അല്ലാഹുവും അവന്റെ റസൂലും വിവരിച്ച് തന്നിരിക്കുന്നത്. ഈ കാലഘട്ടത്തിൽ തുറന്ന നിലയിൽ നമ്മുടെ മുന്നിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) അവതരിപ്പിച്ചിട്ടുള്ള സംഗതികളാണവ.

ഞാൻ അന്നും ഇക്കാര്യത്തിലേക്ക് ഇവിടെയുള്ള അഹ്മദികളുടെ ശ്രദ്ധ ക്ഷണിച്ചിരുന്നു; അതായത്, ഞാൻ പറഞ്ഞതുപോലെ 11 വർഷം മുമ്പേ ഇവിടെ ആദ്യമായി വന്നപ്പോൾ. പലപ്പോഴും ഈ കാര്യത്തിലേക്ക് ശ്രദ്ധ ക്ഷണിക്കാറുമുണ്ട്. അല്ലാഹു നമുക്ക് എം.ടി.എ ആകുന്ന സൗകര്യവും അനുഗ്രഹവും നല്കിയിരിക്കുന്നതുകൊണ്ട് ഇത് മുഖേന എന്റെ വാക്കുകൾ എല്ലാ അഹ്മദികളിലേക്കും എത്തിക്കൊണ്ടിരിക്കുന്നു. എന്നാൽ, അവർ അത് കേൾക്കാൻ ശ്രമിക്കണം എന്ന ഒരു നിബന്ധനയുണ്ട് എന്ന് മാത്രം. അല്ലാഹു നിങ്ങൾക്ക് അല്ലെങ്കിൽ നിങ്ങളുടെ പൂർവ പിതാക്കൾക്ക് അഹ്മദിയ്യത്ത് സ്വീകരിക്കുന്നതിനുള്ള തൗഫീഖ് നല്കിയെന്ന് ഞാൻ പറഞ്ഞിരുന്നു. ഇത് അല്ലാഹുവിന്റെ പ്രത്യേകമായ ഒരു അനുഗ്രഹമാണ്. അല്ലാഹു ഏതോ ഒരു നന്മയുടെ ഫലമായാണ് ഈ അനുഗ്രഹം നല്കിയിരിക്കുന്നത്. എന്നാൽ, അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ നിലനിറുത്തുന്നതിനുവേണ്ടി ഈ നന്മകളിൽ മുന്നോട്ട് കുതിക്കേണ്ടതും തങ്ങളുടെ അവസ്ഥകളെ മുമ്പത്തേതിനെക്കാൾ ഉത്തമമാക്കേണ്ടതും അനിവാര്യമാണ്. അല്ലാത്തപക്ഷം നമ്മുടെ കാൽചുവടുകൾ നിലച്ചുപോകുകയും ദീനി കാര്യങ്ങളിൽ അശ്രദ്ധയുണ്ടാകുകയും അല്ലെങ്കിൽ ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യുന്നുവെങ്കിൽ നമ്മൾ നമ്മുടെ തലമുറകളേയും ദീനിൽ നിന്ന് ദൂരപ്പെടുത്തുന്നവരായിരിക്കും എന്ന കാര്യം ഓർക്കേണ്ടതാണ്. അങ്ങനെ നബി(സ) തിരുമേനി പ്രവചിച്ച ആ സവിശേഷ ദൈവികാനുഗ്രഹങ്ങളിൽനിന്ന് അവരെ തടയുന്നവരാക്കി തീർക്കുകയും ചെയ്യും; അതായത്, മസീഹ് മൗഊദി(അ) ന്റെ ആഗമനവും, അദ്ദേഹത്തിലുള്ള വിശ്വാസവും. തങ്ങളുടെ പൂർവ പിതാക്കൾ അഹ്മദികളായവരുടെ തലമുറകൾ ദീനിൽനിന്ന് ദൂരപ്പെട്ടാൽ അവർ തങ്ങളുടെ പൂർവികരുടെ ദുഃആകളും നിഷേധിക്കപ്പെട്ടവരാകും. അല്ലാഹു നന്മക്കുള്ള പ്രതിഫലം നല്കുന്നു. തീർചയായും നല്കുന്നു. ഒരാളുടെ നന്മ അത് പൂർണമായും അല്ലാഹുവിന്റെ തൃപ്തിക്ക് വേണ്ടിയാണെങ്കിൽ അയാളുടെ സന്താനങ്ങളും അതിൽനിന്ന് പ്രയോജനം എടുക്കുന്നതാണ്. എന്നാൽ, അല്ലാഹുവിന്റെ അനുഗ്രഹം എല്ലായിപ്പോഴും തുടർന്ന് കൊണ്ടിരിക്കുന്നതിനുവേണ്ടി നിങ്ങൾ നിങ്ങളുടെ കർമങ്ങൾ ശരിയാക്കിത്തീർക്കണമെന്നും അല്ലാഹു പറയുന്നുണ്ട്. ആരുടെ പൂർവികരാണോ അഹ്മദികളായത് ആ മഹാത്മാക്കൾ തങ്ങളുടെ ബയ്അത്തിന്റെ പ്രതിജ്ഞകൾ പൂർത്തിയാക്കി ലോകത്ത് നിന്ന് വിടപറഞ്ഞു. തങ്ങളുടെ തലമുറകളും ഈ പ്രതിജ്ഞ പൂർത്തിയാക്കൂന്നവരായിരിക്കണം എന്ന ആഗ്രഹത്തോടും ദുഃആയോടും കൂടിയാണ് അവർ വിടപറഞ്ഞത്. ആയതിനാൽ, നമ്മുടെ മഹാത്മാക്കൾ ഉപദേശിച്ച ആ പ്രതിജ്ഞ പൂർത്തിയാക്കുന്നവരാണോ നമ്മൾ എന്ന് നിങ്ങളിൽ ഒരുപാട് പേർ ഇപ്പോൾ ചിന്തിക്കേണ്ടതാണ്. നമ്മുടെ മഹാത്മാക്കൾ ആഗ്രഹിച്ച മാർഗത്തിലൂടെ തന്നെയാണോ നമ്മൾ നട

ക്കുന്നത്? യഥാർഥത്തിൽ നമ്മൾ നമ്മുടെ ബയ്അത്തിന്റെ പ്രതിജ്ഞ പൂർത്തിയാക്കുന്നുണ്ടോ, അതല്ല കേവലം നമ്മുടെ പൂർവികരുടെ, മഹാത്മാക്കളുടെ ദീനിൽ ആചാരമെന്ന നിലയിൽ നില്ക്കുന്നവർ മാത്രമാണോ എന്ന് നമ്മൾ പരിശോധിക്കേണ്ടതാണ്. കേവലം ബന്ധങ്ങളും, സാമൂഹികമായ കെട്ടുപാടുകളും കാരണത്താൽ ജമാഅത്തിൽ അംഗമായി ഇവിടെ വരികയാണോ? ഇപ്പോൾ ഇവിടെ ഇരിക്കുകയാണോ?

അതുപോലെ തന്നെ, സ്വയം അഹ്മദിയ്യത്ത് സ്വീകരിച്ചവരും ഈ കാര്യം പരിശോധിക്കുക. നാം നമ്മുടെ ഈമാനിൽ പുരോഗതി പ്രാപിക്കുന്നതിലും നമ്മുടെ കർമങ്ങൾ നല്ലനിലയിൽ ആക്കിത്തീർക്കാനും ശ്രമം നടത്തിയിട്ടുണ്ടോ? ശ്രമം നടത്താറുണ്ടോ? അതല്ല, ഒരു നൈമിഷികമായ ആവേശത്തിന്റെ പേരിലാണോ നാം അഹ്മദിയ്യത്ത് സ്വീകരിച്ചത്? ഏതെങ്കിലും കാര്യത്താൽ സ്വാധീനിക്കപ്പെട്ട് അഹ്മദിയ്യത്ത് സ്വീകരിക്കുകയാണോ ചെയ്തത്? ബയ്അത്ത് ചെയ്ത ആദ്യദിവസം ഉണ്ടായിരുന്നിടത്ത് തന്നെയാണോ ഇപ്പോഴും നിൽക്കുകയാണോ? നമ്മുടെ ഓരോ ചുവടും പുരോഗതിയിലേക്ക് ഉയരുമ്പോഴായിരിക്കും നമുക്ക് പ്രയോജനം ഉണ്ടാവുക. വികസിത രാജ്യങ്ങളിലേക്ക് ഹിജ്റത്ത് ചെയ്ത് വന്നിരിക്കുന്നവർ തങ്ങളുടെ നല്ല അവസ്ഥകൾ അവരെ ദീനിൽ നിന്ന് ദൂരപ്പെടുത്തിയിട്ടുണ്ടോ എന്ന് നിരന്തരം ശ്രദ്ധിക്കേണ്ടതാണ്. യൂറോപ്പിന്റെ പുരോഗതിയിൽ സ്വാധീനിക്കപ്പെട്ട് ദീനിനെ മറന്ന് പോയിട്ടില്ലല്ലോ? അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇവിടെ കൊസോവ- കിഴക്കൻ യൂറോപ്പിൽ നിന്ന് വന്നിട്ടുള്ള ഒരുപാട് പേർ അഹ്മദിയ്യത്ത് സ്വീകരിച്ചവരായിട്ടുണ്ട്. നബി(സ) തിരുമേനിയുടെ സത്യസന്ധനായ ദാസനെ വിശ്വസിച്ചവരാണവർ. അവരുടെ മേൽ അല്ലാഹു വലിയ അനുഗ്രഹം ചൊരിഞ്ഞിരിക്കുന്നവെന്ന് അവരും ഓർക്കേണ്ടതാണ്.

ചുരുക്കത്തിൽ, ഇവിടെ വിവിധ തരക്കാരായ ആളുകളുണ്ട്. അഹ്മദിയ്യത്തിൽ ഉൾപ്പെട്ട എല്ലാവർക്കും എല്ലാ തരക്കാരായ ആളുകൾക്കും അവർ ജന്മനാ അഹ്മദികളാകട്ടെ, പിന്നീട് ബയ്അത്ത് ചെയ്ത് വന്നവരാകട്ടെ, ഹിജ്റത്ത് ചെയ്ത് വന്നവരാകട്ടെ, ഇവിടെ താമസിക്കുന്നവരാകട്ടെ, എല്ലാവരും ഈ കാര്യങ്ങളെ കുറിച്ച് ചിന്തിക്കേണ്ടതാണ്. ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യുടെ സത്യസന്ധനായ ദാസന്റെ ബയ്അത്തിൽ വന്നതിന്റെ കടമ നിറവേറ്റുന്നതിനുവേണ്ടി അവർ ഇസ്ലാമിന്റെ യഥാർഥ അധ്യാപനങ്ങൾ അനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കേണ്ടതാണ്.

ഞാൻ നേരത്തെ പറഞ്ഞതുപോലെ ജന്മനാ അഹ്മദികളാണെങ്കിലും, പഴയ അഹ്മദികളാണെങ്കിലും അതല്ലെങ്കിൽ പുതുതായി വരുന്ന അഹ്മദികളാണെങ്കിലും, എല്ലാ അഹ്മദി സ്ത്രീകളും പുരുഷന്മാരും അവർ ബയ്അത്തിന്റെ കടമ നിറവേറ്റുന്നുണ്ടോ? കടമ നിറവേറ്റുന്നതിനുവേണ്ടി പരിശ്രമിക്കുന്നുണ്ടോ എന്ന് ആത്മപരിശോധന നടത്തേണ്ടതിന്റെ ആവശ്യമുണ്ട്. നമ്മളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഏല്പിച്ചിരിക്കുന്ന ഉത്തരവാദിത്വം നിറവേറ്റാനായി പരിശ്രമിക്കുന്നുണ്ടോ? നമ്മുടെ അവസ്ഥകളെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അധ്യാപനങ്ങൾക്കനുസരിച്ച് ആക്കിത്തീർക്കാൻ പരിശ്രമിക്കുന്നുണ്ടോ? നമ്മൾ നമ്മുടെ കുട്ടികളുടെ തർബിയ്യത്ത് അവർ ദീനിന് ദുൻയാവിനേക്കാൾ പ്രാധാന്യം നല്കുന്ന ചിന്ത ആരംഭം മുതൽ തന്നെ ഉണ്ടാകുന്ന വിധത്തിൽ അവരുടെ തർബിയ്യത്ത് നടത്തുന്നുണ്ടോ? നമ്മുടെ പ്രവർത്തികൾ ഇസ്ലാമിക അധ്യാപനങ്ങൾ അനുസരിച്ചു നമ്മുടെ കുട്ടികൾക്ക് മാതൃകയാണോ? നമ്മുടെ നമസ്കാരങ്ങളും നമ്മുടെ ഇബാദത്തുകളും നമ്മുടെ ഓരോ കർമവും അല്ലാഹുവും അവന്റെ റസൂലും പറഞ്ഞുതന്ന അധ്യാപനങ്ങൾ അനുസരിച്ചിട്ടുള്ളതാണോ? ആത്മപരിശോധന നടത്തിക്കൊണ്ട് സ്വയം ഈ കാര്യങ്ങൾ എല്ലാവർക്കും നല്ല പോലെ അറിയാൻ സാധിക്കും. ഈ കാര്യങ്ങളുടെ ആഴം അറിയുന്നതിനും തങ്ങളുടെ ആത്മപരിശോധനക്ക് ഉന്നതനിലവാരം നിശ്ചയിക്കുന്നതിനുംവേണ്ടി നമുക്ക് ഹദ്റത്ത് മസീഹ് മൗഊദ് (അ)മാർഗദർശനം നല്കിയിട്ടുണ്ട്.

ഇപ്പോൾ ഞാൻ വാഗ്ദത്ത മഹ്ദീ മസീഹ്(അ) നമ്മളിൽ നിന്ന് ആഗ്രഹിക്കുന്ന അക്കാര്യങ്ങളിൽനിന്ന് ചിലത് നിങ്ങളുടെ മുമ്പിൽ വെക്കുന്നതാണ്. ഒരു മജ്ലിസിൽ തന്റെ ജമാഅത്തിനെ ഉപദേശിച്ചുകൊണ്ട് വളരെ അധികം വേദനയോടുകൂടി ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു:

എല്ലാ 'ഭാഗത്തും മാർഗഭ്രംശത്തിന്റേയും അശ്രദ്ധയുടേയും വഴികേടിന്റേയും കാറ്റു വീശുന്ന ഈ പാപപങ്കിലമായ കാലഘട്ടത്തിൽ തഖ്‌വ സ്വായത്തമാക്കുകയെന്നത് നമ്മുടെ ജമാഅത്തിനെ സംബന്ധിച്ചിടത്തോളം അത്യാവശ്യമായ കാര്യമാണ്. അല്ലാഹുവിന്റെ കല്പനകൾക്ക് മഹത്ത്വം കല്പിക്കാത്ത അവസ്ഥയാണ് ലോകത്തിന്റേത്.' അവകാശങ്ങളേയും വസ്വിയ്യത്തുകളേയും വിലവെക്കുന്നില്ല. (ങ്ങളുടെ ഉത്തരവാദിത്വപരമായ അവകാശങ്ങൾ നിറവേറ്റുകയോ വസ്വിയ്യത്തുകൾ പൂർത്തിയാക്കുകയോ ചെയ്യുന്നില്ല.) 'ഭൗതികാസക്തിയിലും അതിന്റെ പ്രവർത്തനങ്ങളിലും അങ്ങേയറ്റം മുഴുകിയിരിക്കുകയാണ്. ദുൻയാവിന് അല്പം നഷ്ടമുണ്ടാകുമെന്ന് കാണുമ്പോൾ ദീനിന്റെ 'ഭാഗത്തെ ഉപേക്ഷിക്കുന്നു. ആ സമയത്ത് ദീനിന് പ്രാധാന്യം കല്പിക്കുന്നതിനുപകരം ദുൻയാവിന് പ്രാധാന്യം നല്കുന്നു. ദീൻ നഷ്ടപ്പെട്ടാലും 'ഭൗതിക നഷ്ടം ഇല്ലാതാക്കാൻ ശ്രമിക്കുകയാണവർ. അവിടന്ന് പറയുന്നു: 'അല്ലാഹുവിനോടുള്ള കടമകൾ പാഴാക്കികളയുന്നു. 'ഭൗതികമായി അല്പം നഷ്ടമുണ്ടാകുന്നത് കണ്ട് ദീനിന്റെ 'ഭാഗം ഉപേക്ഷിക്കുന്നു. അങ്ങനെ അല്ലാഹുവിനോടുള്ള കടമകൾ പാഴാക്കിക്കളയുന്നു. പിന്നീട് അവിടന്ന് പല കാര്യങ്ങളും വിവരിക്കുന്നുണ്ട്. അവകാശികളുമായി സ്വത്ത് ഭാഗം വെക്കുന്ന കേസുകളിൽ, ബന്ധുക്കൾ പരസ്പരം സ്വത്ത് ഭാഗം വെക്കുമ്പോഴോ പ്രശ്നങ്ങൾ ഉണ്ടാകുമ്പോഴോ എല്ലാം ഇത് കാണാൻ സാധിക്കുന്നു. ഇന്നും ഇത് നിത്യേനയുള്ള കാര്യങ്ങളാണ്. പിന്നീട് പറഞ്ഞു: അത്യാഗ്രഹത്തോടെയാണ് പരസ്പരം പെരുമാറുന്നത്. ശാരീരികേച്ഛയ്ക്കെതിരിൽ വളരെ ദുർബലരായി മാറിയിരിക്കുന്നു. അല്ലാഹു അവരെ ദുർബലരാക്കി വെച്ചിരിക്കുന്നതുവരെ അവർ പാപം ചെയ്യാൻ ധൈര്യപ്പെടുന്നില്ല. എന്നാൽ, എപ്പോഴാണോ, അല്പം ബലഹീനത അകലുന്നത്, പാപത്തിനുള്ള അവസരം ലഭിക്കുന്നത് ഉടനെ അത് ചെയ്യുന്നവരായിത്തീരുന്നു. നന്മയുടെ ആധിപത്യമുള്ളതുകൊണ്ടല്ല പാപങ്ങളിൽ നിന്ന് രക്ഷപ്പെട്ടിരിക്കുന്നത്. മറിച്ച്, ധൈര്യം ഇല്ലാത്തത് കൊണ്ടാണ്. ചില കാര്യങ്ങൾ 'ഭയക്കുന്നതു കൊണ്ടാണ്. ആ 'ഭയം ഇല്ലാതാകുമ്പോൾ പാപം ചെയ്യാൻ തുടങ്ങുന്നു. പറയുന്നു, ഇന്ന് ഈ കാലഘട്ടത്തിൽ എവിടെ അന്വേഷിച്ചു നോക്കിയാലും യഥാർഥ തഖ്‌വ ഇല്ലാതായിത്തീർന്നിരിക്കുന്നു എന്ന സംഗതിയായിരിക്കും നിങ്ങൾക്ക് കാണാൻ സാധിക്കുക. അതായത് യഥാർഥ ഈമാൻ പൂർണമായും ഇല്ലാതായിത്തീർന്നിരിക്കുന്നു. എന്നാൽ, അല്ലാഹു അവരുടെ യഥാർഥ തഖ്‌വയുടേയും ഈമാനിന്റേയും ബീജം പാഴാക്കിക്കളയാൻ ഉദ്ദേശിക്കുന്നില്ല. ആരിലാണോ യഥാർഥ തഖ്‌വയുടേയും ഈമാനിന്റേയും ബീജമുള്ളത് അത് പാഴായിപ്പോകരുതെന്നാണ് അല്ലാഹു അഗ്രഹിക്കുന്നത്. പറയുന്നു, വിളവ് പൂർണമായും നശിക്കാൻ പോവുകയാണെന്ന് അല്ലാഹു കാണുമ്പോൾ അവൻ വീണ്ടും വിളവ് ഉണ്ടാക്കുന്നു. അതേ! വിശുദ്ധ ഖുർആൻ പുതുതായ രൂപത്തിൽ നിലവിലുണ്ട്, അല്ലാഹു പറഞ്ഞതു പോലെതന്നെ:

ഇന്നാ നഹ്നു നസ്സൽനാ ദ്ദിക്റ വ ഇന്നാ ലഹു ലഹാഫിളൂൻ(15:10) ഹദീഥിന്റേയും ഒരുപാട് 'ഭാഗം നിലവിലുണ്ട്, മറ്റു മറ്റു ബർക്കത്തുകളുമുണ്ട്. എന്നാൽ, ഹൃദയത്തിൽ ഈമാനും കർമപരമായ അവസ്ഥയും തീരേ ഇല്ലാതായിരിക്കുന്നു. ഇവിടെ മുസ്ലിംകളുടെ ഒരു ചിത്രമാണ് വരച്ചിരിക്കുന്നത്. ആ കാലഘട്ടത്തിലും ഇന്നും ഇതേ അവസ്ഥ തന്നെയാണുള്ളത്. പറയുന്നു: അല്ലാഹു എന്നെ നിയോഗിച്ചിരിക്കുന്നത് ഈ കാര്യങ്ങളെല്ലാം വീണ്ടും ഉണ്ടാകുമെന്നുള്ളതുകൊണ്ടാണ്. അല്ലാഹു മൈതാനം ശൂന്യമായി കണ്ടപ്പോൾ അവന്റെ ദൈവികതയുടെ തേട്ടം ഈ മൈതാനം ശൂന്യമായിരിക്കുന്നത് ഒരിക്കലും ഇഷ്ടപ്പെട്ടില്ല. അല്ലാഹുവിന്റെ ദൈവികത ഈ നന്മയും തഖ്‌വയും ജനങ്ങളുടെ ഹൃദയത്തിൽനിന്ന് ശൂന്യമായിക്കൊണ്ടിരിക്കുന്നത് ഇഷ്ടപ്പെട്ടില്ല. അതുകൊണ്ട് അല്ലാഹു മനുഷ്യരോടുള്ള സഹാനുഭൂതി എന്ന നിലയിൽ ഈ മൈതാനം ശൂന്യമാകാൻ ആഗ്രഹിക്കുന്നില്ല. പറയുന്നു; അങ്ങനെ ആളുകൾ ഈ വിധത്തിൽ ദൂരപ്പെടുന്നത് ഇഷ്ടപ്പെട്ടില്ല. അതുകൊണ്ട് ഇപ്പോൾ ഇതിനെതിരിൽ അല്ലാഹു ജീവനുള്ളവരുടെ ഒരു പുതിയ സമൂഹത്തെ സൃഷ്ടിക്കാൻ ആഗ്രഹിക്കുന്നു. അതിനാൽ നമ്മുടെ പ്രബോധനധർമം തഖ്‌വയുടെ ജീവിതം സ്വായത്തമാക്കണം എന്നതാണ്.'(മൽഫൂദാത്ത് വാല്യം 4 പേജ് 395-396, 1985 ലണ്ടൻ പതിപ്പ്)

ഞാൻ നേരത്തെ പറഞ്ഞതുപോലെ, നാം ആത്മപരിശോധന നടത്തുകയാണെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഉപദേശം നൽകിക്കൊണ്ടിരുന്ന കാലഘട്ടത്തിൽ മാത്രമുള്ള ആളുകളുടെ ചിത്രമല്ല മറിച്ച്, ഇന്നും നമുക്ക് ഇതേ കാര്യങ്ങൾ കാണാൻ സാധിക്കുന്നതാണ്.

നമ്മളിൽ അല്ലാഹുവിന്റെ കല്പനകൾ നടപ്പിൽ വരുത്തുന്നവർ എത്രപേരുണ്ട്? മറ്റുള്ളവരുടെ കാര്യം ഒഴിവാക്കാം, നാം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്തെന്ന് വാദിക്കുന്നവരാണ്. നമ്മളിൽ എത്രപേരുണ്ട് ഇങ്ങനെയുള്ളവർ? ഈ ഒരു പരിശോധന നടത്തേണ്ടതിന്റെ ആവശ്യമാണുള്ളത്. അല്ലാഹു പറയുന്നു: ഞാൻ ജിന്നിനേയും ഇൻസിനേയും ആരാധനക്ക് വേണ്ടിയാണ് സൃഷ്ടിച്ചിട്ടുള്ളത്. നമ്മൾ നമ്മുടെ 'ഭൗതിക ജോലികൾ ഇബാദത്തുകൾക്കായി ത്യജിക്കാറുണ്ടോ? അതോ അതിന് വിപരീതമായിട്ടാണോ നടക്കുന്നത്. നമ്മു ടെ ഇബാദത്തുകൾ 'ഭൗതികജോലിക്കുവേണ്ടി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നുണ്ടോ? നമസ്കരിക്കുന്നവരാണെങ്കിലും അതൊരു 'ഭാരമായി കണക്കാക്കുന്ന ചിലരുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ് (അ)നെ വിശ്വസിക്കാത്തവരുടെ അവസ്ഥ അവിടെ നില്ക്കട്ടെ. നമ്മളിലും അത്തരക്കാരുണ്ട്.

ആളുകളുമായുള്ള ഇടപെടലുകളെ കുറിച്ച് അല്ലാഹു പറയുന്നു: നിങ്ങൾ നന്മയോടുകൂടി പ്രവർത്തിക്കുക. എന്നാൽ, നന്മയോട് കൂടി പ്രവർത്തിക്കുകയെന്ന കാര്യം ഒരു 'ഭാഗത്ത് നില്ക്കട്ടെ ഒരുപാടുപേർ മറ്റുള്ളവരുടെ അവകാശം ധ്വംസിക്കാനാണ് ശ്രമിക്കുന്നത്. ചിലരുണ്ട്, അവർ ദുൻയാവിന്റെ നഷ്ടം സഹിക്കുകയില്ല. എന്നാൽ, ദീനിനാണ് നഷ്ടം വരുന്നതെങ്കിൽ അത് സഹിക്കുന്നു. നമ്മളിൽ തങ്ങളുടെ വികാരാവേശത്തെ നിയന്ത്രിക്കാത്തവരായി എത്രപേരുണ്ട്? ചെറിയ ചെറിയ കാര്യങ്ങളിൽ പ്രകോപിതരാകുന്നു. ഇത് അന്യരാണ് ചെയ്യുന്നതെങ്കിൽ അവർ ജാഹിലീംകളാണെന്ന് നമുക്ക് പറയാം. എന്നാൽ, നമ്മളിൽ ആരെങ്കിലും അപ്രകാരം പ്രവർത്തിച്ചാൽ എന്തായിരുന്നാലും വളരെ ഖേദകരമായ കാര്യമാണ്. ഓരോരുത്തർക്കും സ്വയമേവ ഇക്കാര്യങ്ങൾ പരിശോധിക്കാൻ സാധിക്കും. അല്ലാഹു ജീവനുള്ളവരുടെ ഒരു പുതിയ സമൂഹത്തെയാണ് ഉണ്ടാക്കാൻ ആഗഹിക്കുന്നതെന്നുള്ള ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ വാക്കുകൾ നമ്മൾ എല്ലായിപ്പോഴും ഓർമയിൽ വെക്കേണ്ടതാണ്. നമ്മൾ ഈ ജീവനുള്ളവരിൽ ഉൾപെടുന്നതിനുവേണ്ടിയാണ് ബയ്അത്ത് ചെയ്തിരിക്കുന്നത്. അതുകൊണ്ട് നമ്മൾ ജീവനുള്ളവരുടെ സമൂഹത്തിൽ ഉൾപെടുന്നതിനും അതിനോടുള്ള കടമ നിറവേറ്റുന്നതിനും വേണ്ടി അദ്ദേഹത്തിന്റെ വാക്കുകൾ നമ്മൾ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്.

പിന്നീട് ഹിദായത്ത് അഥവാ സന്മാർഗം കഠിന പരിശ്രമത്തിലും തഖ്‌വയിലും അധിഷ്ഠിതമാണെന്ന് വിവരിച്ചുകൊണ്ട് തഖ്‌വയും പരിശ്രമവും ഉണ്ടാകുന്നതുവരെ, സ്വയംതന്നെ പ്രയാസത്തിൽ അകപ്പെടുത്തി ദീനിനുവേണ്ടി എല്ലാ ത്യാഗങ്ങൾക്കും തയ്യാറാവുന്നതുവരെ യഥാർഥ ഹിദായത്ത് സ്വായത്തമാക്കാൻ സാധ്യമല്ലെന്ന കാര്യത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

'ഏതൊരു വ്യക്തിയാണോ കേവലം അല്ലാഹുവിനെ 'ഭയപ്പെട്ടുകൊണ്ട് അവന്റെ മാർഗത്തിനായി പരിശ്രമിക്കുന്നത്, ഈ പ്രശ്നത്തിന്റെ കെട്ടഴിയുന്നതിനുവേണ്ടി ദുആ ചെയ്യുന്നത് അപ്പോൾ അല്ലാഹു തന്റെ നിയമമനുസരിച്ച് വല്ലദീന ജാ

ഹദൂ ഫീനാ ല നഹ്ദിയന്നഹും സുബുലനാ അതായത്, ഏതൊരു കൂട്ടരാണോ നമ്മുടെ മാർഗത്തിൽ പരിശ്രമം നടത്തുന്നത്, നാം നമ്മുടെ മാർഗം അവർക്ക് കാണിച്ചു കൊടുക്കുന്നു. സ്വയം അവർക്ക് ഉചിതമായ മാർഗം കൈപിടിച്ച് കാണിച്ചു കൊടുക്കുന്നു. അല്ലാഹുവിന്റെ മാർഗം അന്വേഷിച്ചുകൊണ്ടുള്ള അവരുടെ ഒരുശ്രമം ഉണ്ടായിരിക്കും. അവരുടെ തിന്മകൾ ദൂരപ്പെടണമെന്നും അല്ലാഹുവിനെ ലഭിക്കണമെന്നുമുള്ള ദുഃആയും ഉണ്ടായിരിക്കും. അതിനായി വിശുദ്ധ ഖുർആനിൽ അല്ലാഹു പറഞ്ഞതുപോലെ, ഞാൻ ഓതിയ ആയത്തനുസരിച്ച് അല്ലാഹുവിന്റെ മാർഗത്തിൽ പരിശ്രമിക്കുകയാണെങ്കിൽ അല്ലാഹു തന്റെ മാർഗം കാണിച്ച് കൊടുക്കുന്നതാണ്. അവിടന്ന് പറയുന്നു: ഈ ആയത്തനുസരിച്ച് സ്വയം അവൻ കൈ പിടിച്ചുകൊണ്ട് മാർഗദർശനങ്ങൾ നല്കുന്നതാണ്. അയാൾക്ക് ഹൃദയസമാധാനം പ്രദാനം ചെയ്യുന്നതാണ്. എന്നാൽ, ഹൃദയം സ്വയം അന്ധകാര നിബിഢവും ദുഃആ നാവിന് ഭാരവും വിശ്വാസം ശിർക്കും ബിദ്അത്തും കലർന്നതുമാണെങ്കിൽ ആ ദുഃആ എന്താണ്? ഹൃദയം സ്വയംതന്നെ അന്ധകാരത്തിലും ഇരുട്ടിലും മുങ്ങിയിരിക്കുന്നു. നാവുകൊണ്ട് പ്രത്യക്ഷ നിലയിലുള്ള ദുഃആയാണ് നടക്കുന്നതെങ്കിലും ദുഃആയുടെ വാക്കുകൾ വളരെ പ്രയാസത്തോടുകൂടിയാണ് പുറത്ത് വരുന്നത്. വിശ്വാസത്തിന്റെ കാര്യം എടുക്കുമ്പോൾ, ബാഹ്യമായ നിലയിലുള്ള വിശ്വാസമാണ്, നമ്മൾ മുസ്ലിംകളാണ് അൽഹംദുലില്ലാഹ്, വിശ്വാസികളാണ് അൽഹംദുലില്ലാഹ്. അല്ലാഹുവിനെതിരിൽ ആരെയും പങ്കുകാരാക്കുന്നില്ല. വിശ്വാസപരമായ കാര്യത്തിൽ എല്ലാം ശരിയാണ്. എന്നാൽ, കർമപരമായി ശിർക്കിൽ അകപ്പെട്ടിരിക്കുകയാണ്. ബിദ്അത്തുകളിൽ അകപ്പെട്ടിരിക്കുകയണ്. ദീനിനെ കുറിച്ച് പുതിയ പുതിയ കാര്യങ്ങൾ കണ്ടു പിടിച്ചിരിക്കുന്നു. അങ്ങനെയാണ് അവസ്ഥയെങ്കിൽ പിന്നെ ദുഃആ സാധ്യമല്ല. പറഞ്ഞു: സൽഫലം ഇല്ലാത്ത ആ അർഥന എന്ത് അർഥനയാണ്? ഈ വിധത്തിലാണ് അർഥനയെങ്കിൽ അതിന് നല്ല ഫലങ്ങൾ ഉണ്ടാവുകയില്ല. അതുകൊണ്ട് അങ്ങനെയുള്ള അവസ്ഥയാണെങ്കിൽ ആ അർഥന, അർഥന ആയിരിക്കുകയില്ല. ഹൃദയത്തിൽ നിന്നൊഴുകിയ പ്രാർഥന ആവുകയില്ല. അത് അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിനും അവന്റെ കല്പനകൾ അനുസരിച്ച് നടക്കുന്നതിനുവേണ്ടിയുള്ള ശ്രമവും ദുആയും ആവുകയില്ല. കാരണം, അതിന് സൽഫലങ്ങൾ ഉണ്ടാകുന്നില്ല. ഇത് വ്യക്തമായൊരു കാര്യമാണ്. അഥവാ സൽഫലങ്ങൾ ഉണ്ടാകുന്നില്ലെങ്കിൽ നമ്മൾ നമ്മുടെ ഉള്ളിൽത്തന്നെ ബലഹീനത ഉണ്ടെന്ന കാര്യം മനസ്സിലാക്കേണ്ടതാണ്. നമ്മുടെ ദുആകളിൽത്തന്നെ എന്തോ കുറവുണ്ട്, നമുക്ക് ദുആയുടെ രീതിയും തത്വവും അറിയില്ല. നമ്മൾ അല്ലാഹുവിന്റെ കല്പനകൾ അനുസരിച്ച് ചരിക്കുന്നവരുമല്ല. പറയുന്നു: മനുഷ്യൻ ശുദ്ധഹൃദയത്തോടും സത്യസന്ധതയോടും ആത്മാർഥതയോടും കൂടി എല്ലാ അനാവശ്യമാർഗങ്ങളുടേയും കവാടങ്ങൾ അടച്ചുകൊണ്ട്, അല്ലാഹുവിന്റെ മുന്നിൽ കൈ ഉയർത്താത്തിടത്തോളം അവന്റെ സഹായം ലഭിക്കാൻ യോഗ്യനായിത്തീരുകയില്ല. എന്നാൽ, അവൻ അല്ലാഹുവിന്റെ വാതിൽക്കൽനില്ക്കുകയും അവനോടു പ്രാർഥിക്കുകയും ചെയ്യുമ്പോൾ അവന്റെ ഈ അവസ്ഥ സഹായത്തേയും കാരുണ്യത്തേയും ആകർഷിച്ചെടുക്കുന്നു. അത്തരം സ്ഥിതി ഉണ്ടായിത്തീരുകയും നിസ്വാർഥനായി അല്ലാഹുവിന്റെ വാതിൽക്കൽ വീഴുകയും അവനോട് പ്രാർഥിക്കുകയും ചെയ്യുമ്പോൾ അല്ലാഹുവിന്റെ സഹായവും തുണയും ആകർഷിച്ചെടുക്കുന്ന അവസ്ഥ ഉണ്ടാകുന്നു, അത് സ്വായത്തമാകുന്നു. അത് കാരുണ്യത്തിന് കാരണമാകുന്നു; അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ സ്വായത്തമാക്കുന്നവനായി മാറുന്നു. പറയുന്നു: അല്ലാഹു ആകാശത്തുനിന്ന് മനുഷ്യന്റെ ഹൃദയത്തിന്റെ കോണുകളിലേക്ക് എത്തിനോക്കുന്നു. അല്ലാഹു അശ്രദ്ധനാണ് എന്ന് ധരിക്കരുത്. അല്ലാഹു ആകാശത്തിരുന്ന് മനുഷ്യന്റെ ഹൃദയത്തിന്റെ കോണുകളെ കുറിച്ചുപോലും അറിയുന്നവനാണ്. ഏതെങ്കിലും ഒരു കോണിൽ ഏതെങ്കിലും വിധത്തിലുള്ള അന്ധകാരത്തിന്റേയോ ശിർക്കിന്റേയോ ബിദ്അത്തിന്റേയോ അംശം ഉണ്ടെങ്കിൽ അയാളുടെ ദുആകളും ഇബാദത്തുകളും അയാളുടെ മുഖത്തേക്ക് വലിച്ചെറിയുന്നു. ഹൃദയത്തെ എല്ലാ വിധത്തിലും ശുദ്ധീകരിക്കാൻ ശ്രമിക്കേണ്ടതാണ്. ഹൃദയത്തിന്റെ ഒരു ഭാഗത്തുപോലും അന്ധകാരം ഉണ്ടാകാൻ പാടില്ല. എവിടെയും ശിർക്കിന്റെ ഒരു വശവുമുണ്ടാകാൻ പാടില്ല. എവിടെയും ഒരു വിധത്തിലുള്ള ബിദ്അത്തിന്റെ ചിന്തയുമുണ്ടാകാൻ പാടുള്ളതല്ല. അങ്ങനെയായാൽ ഇബാദത്തുകൾ, ഇബാദത്തുകൾ ആയിരിക്കുകയില്ല. അല്ലാഹു അത് സ്വീകരിക്കുകയില്ല. പറയുന്നു: 'അത് അവരുടെ മുഖത്തേക്ക് വലിച്ചെറിയും. ഇനി അയാളുടെ ഹൃദയം എല്ലാ വിധത്തിലുള്ള ശരീരേച്ഛയിൽനിന്നും ഉദ്ദേശങ്ങളിൽനിന്നും അന്ധകാരത്തിൽനിന്നും ശുദ്ധവും പവിത്രവുമാണെന്ന് അവൻ കണ്ടാൽ അയാൾക്ക് വേണ്ടി കാരുണ്യത്തിന്റെ കവാടങ്ങൾ തുറക്കുന്നു. അയാളെ തന്റെ തണലിൽ എടുത്ത് അയാളുടെ പരിപാലനത്തിന്റെ ഉത്തരവാദിത്വം സ്വയം ഏറ്റെടുക്കുന്നു. ഹൃദയം ശുദ്ധമായിത്തീരുകയും അല്ലാഹുവിന്റെ പ്രീതിക്ക് വേണ്ടി മനുഷ്യൻ പ്രവർത്തിക്കുകയും ചെയ്യുമ്പോൾ അല്ലാഹു അയാളുടെ എല്ലാവിധത്തിലുള്ള പരിപാലനത്തിന്റേയും ആവശ്യങ്ങളുടേയും ഉത്തരവാദിയായി സ്വയം മാറുന്നു.(മൽഫൂദാത്ത് വാല്യം 5 പേജ് 396-397, 1985 ലണ്ടൻ പതിപ്പ്)

അതിനാൽ ഒരു യഥാർഥ അഹ്മദിക്ക് തന്റെ ഹൃദയത്തെ എല്ലാ വിധത്തിലുള്ള ശിർക്കിൽ നിന്നും ബിദ്അത്തുകളിൽ നിന്നും ശുദ്ധമാക്കേണ്ടതായിവരും. ഞങ്ങൾ ഒരുപാട് ദുആ ചെയ്തു, വലിയ നീണ്ട നീണ്ട ദുആകൾ ചെയ്തു എന്നാൽ, സ്വീകരിക്കപ്പെട്ടില്ല എന്ന് പറയുന്നവർ തങ്ങളുടെ ഹൃദയത്തെ പരിശോധിക്കുക. എവിടെയെങ്കിലും മറഞ്ഞിരിക്കുന്ന ശിർക്ക് വല്ലതുമുണ്ടോ എന്ന് നോക്കുക. ഏതെങ്കിലും വിധത്തിലുള്ള ബിദ്അത്തുകളിൽ ഉൾപെട്ടിട്ടുണ്ടോ? അല്ലെങ്കിൽ അല്ലാഹു നിരോധിച്ചിരിക്കുന്ന വല്ല കാര്യങ്ങളും ചെയ്തുപോകുന്നുണ്ടോ?

പിന്നീട് മറ്റൊരു സ്ഥലത്ത് തഖ്‌വയുടെ സ്ഥാപനമാണ് ഈ ജമാഅത്തിന്റെ സ്ഥാപനോദ്ദേശ്യം എന്ന കാര്യം വിശദീകരിച്ചുകൊണ്ട് സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: തഖ്‌വയുടെ അഭാവമാണ് ഈ ജമാഅത്തിന്റെ സ്ഥാപനത്തിന് കാരണമെന്ന് അല്ലാഹു എനിക്ക് വെളിപ്പെടുത്തിതന്നിരിക്കുന്നു. ഈ ജമാഅത്ത് രൂപീകരിക്കാനുള്ള കാരണംതന്നെ തഖ്‌വയുടെ സ്ഥാപനമാണ്. ഈ കാര്യം ഓരോരുത്തരും ഓർക്കേണ്ടതാണ്. ചിലർ പ്രകടമായ നിലയിൽ നിർലജമായ പ്രവർത്തനങ്ങളിൽ അകപ്പെട്ടിരിക്കുകയാണ്. പാപത്തിന്റേയും തിന്മയുടേയും ജീവിതം കഴിച്ചു കൂട്ടുകയാണ്. ചിലരാണെങ്കിൽ ഒരു വിധത്തിലുള്ള അശുദ്ധിയുടെ കലർപോടുകൂടിയാണ് തങ്ങളുടെ കർമങ്ങൾ ചെയ്യുന്നത്. എന്നാൽ, നല്ല ഭക്ഷണത്തിൽ അല്പം വിഷം കലർന്നാൽ ആ ഭക്ഷണം വിഷലിപ്തമായിത്തീരുമെന്ന് അവർ അറിയുന്നില്ല. നമ്മളിൽ നന്മകൾ ചെയ്യുന്ന ഒരുപാടാളുകളുണ്ട്. അതേസമയം തങ്ങളുടെ നന്മകളെ വിഴുങ്ങുന്ന തിന്മകൾ ചെയ്യുന്നവരുമുണ്ട്. പറയുന്നു: ഭക്ഷണം നല്ലതാണെങ്കിലും നിസ്സാരമായ വിഷംപോലും അതിനെ വിഷലിപ്തമാക്കിത്തീർക്കും. പറയുന്നു: പ്രദർശനപരതയുടെ ശാഖകൾ അടങ്ങിയ ചെറിയ ചെറിയ പാപങ്ങളിൽ അകപ്പെടുന്നവരുമുണ്ട്. അതുകൊണ്ട് ഇപ്പോൾ ലോകത്തിന് തഖ്‌വയും വിശുദ്ധിയും നിറഞ്ഞ ജീവിതത്തിന്റെ മാതൃക കാണിക്കാൻ അല്ലാഹു ഉദ്ദേശിക്കുന്നു. ഈ ലക്ഷ്യത്തിനായിട്ടാണ് അവൻ ഈ ജമാഅത്ത് സ്ഥാപിച്ചിരിക്കുന്നത്. അവൻ ശുദ്ധീകരണം ആഗ്രഹിക്കുന്നു. ഒരു പരിശുദ്ധ ജമാഅത്ത് ഉണ്ടാക്കിയെടുക്കാനാണ് അവനുദ്ദേശിക്കുന്നത്. പറയുന്നു: തഖ്‌വയുടെയും വിശുദ്ധിയുടേയും മാതൃക കാണിക്കണം. (മൽഫൂദാത്ത് വാല്യം5 പേജ് 96-97, 1985 ലണ്ടൻ പതിപ്പ്)

അതുകൊണ്ട് നമ്മൾ നമ്മുടെ പരിശോധന നടത്തേണ്ട ആവശ്യമുണ്ട്. മാതൃകാപരമായ തഖ്‌വയുടേയും വിശുദ്ധിയുടേയും അവസ്ഥകളാണോ നമ്മുടേത്? നമ്മളിൽനിന്ന് മറ്റുള്ളവർക്ക് പാഠം ലഭിക്കാൻ വിധത്തിലുള്ള മാതൃകകളാണോ ഇവ? നമുക്ക് നമ്മുടെ സ്വന്തം അവസ്ഥകളിൽ ഇതിന്റെ പരിശോധന നടത്താൻ സാധിക്കും.

അതുപോലെ, തന്റെ ജമാഅത്തിനെ ഏതു വിധത്തിലാണ് കാണാൻ ആഗ്രഹിക്കുന്നത് എന്ന കാര്യം വിവരിച്ചുകൊണ്ട് അവിടന്ന് പറയുന്നു: തന്റെ സ്വന്തം കൈകളാലാണ് അല്ലാഹു ഈ പ്രസ്ഥാനത്തെ സ്ഥാപിച്ചിരിക്കുന്നത്. എന്നിട്ടും ഒരുപാടു പേർ അവരുടെ സ്വന്തം ഉദ്ദേശ്യ സാഫല്യത്തിനായി വരുന്നത് നാം കാണുന്നു. തഖ്‌വയിൽ നടക്കുന്നവരുടെ ഒരു ജമാഅത്ത് രൂപീകരിക്കാനും സ്വന്തം ആത്മാക്കളുടെ പരിഷ്കരണം നടത്തുന്നവരുടെ ജമാഅത്ത് രൂപീകരിക്കാനും വേണ്ടിയാണ് അല്ലാഹു തന്റെ കൈകൊണ്ട് ഈ ജമാഅത്തിനെ സ്ഥാപിച്ചത്. പറയുന്നു: എന്നിരുന്നാലും സ്വാർഥ താത്പര്യക്കാരായ ആളുകളും നമ്മുടെ അടുത്ത് വരാറുണ്ട്. നന്മയും തഖ്‌വയും സ്വായത്തമാക്കുകയെന്നതല്ല അവരുടെ ഉദ്ദേശ്യം. മറിച്ച് അവരുടെ സ്വന്തം വ്യക്തി താത്പര്യങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയാണ് അവർ വരുന്നത്. പറയുന്നു: ആ താത്പര്യങ്ങൾ പൂർത്തിയായാൽ നല്ലത്. അല്ലെങ്കിൽ എന്ത് ദീൻ, എന്ത് വിശ്വാസം? അവർ എല്ലാം ഉപേക്ഷിച്ച് പൊയ്ക്കളയുന്നു. പിന്നീട് ഒരു ഈമാനും ഉണ്ടായിരിക്കുകയില്ല. പറയുന്നു: എന്നാൽ, ഇതിനെ അപേക്ഷിച്ച് സ്വഹാബാക്കളുടെ ജീവിതം വീക്ഷിക്കുകയാണെങ്കിൽ അവരിൽ അത്തരം ഒരു സംഭവം പോലും കാണാൻ സാധ്യമല്ല. അവർ ഒരിക്കലുംതന്നെ അങ്ങനെ ചെയ്തിട്ടില്ല. നമ്മുടെ ബയ്അത്ത്, തൗബയുടെ ബയ്അത്താണ്. നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ് (അ)ന് ചെയ്യുന്ന ബയ്അത്ത് തൗബയുടെ ബയ്അത്താണ്. തങ്ങളുടെ പാപങ്ങളിൽ നിന്ന് തൗബ ചെയ്യുകയും ഭാവിയിൽ നന്മയിൽ നിലകൊള്ളാൻ അല്ലാഹുവിനോട് പ്രാർഥിക്കുകയുമാണ് ചെയ്യുന്നത്. എന്നാൽ, പറഞ്ഞു, അവരുടെ ബയ്അത്ത്, അതായത് സ്വഹാബാക്കളുടെ ബയ്അത്ത് ബലിദാനത്തിനുള്ള ബയ്അത്തായിരുന്നു. അവർ ചെയ്ത ബയ്അത്ത് ശിരസർപിക്കാനുള്ള ബയ്അത്തായിരുന്നു. ആ കാലഘട്ടത്തിൽ വാളിന്റെ ജിഹാദായിരുന്നു. അതിന് എല്ലാവരും സർവാത്മന തയ്യാറായിരുന്നു. ഒരു ഭാഗത്ത് ബയ്അത്ത് ചെയ്യുമ്പോൾ, മറുഭാഗത്ത് തങ്ങളുടെ മുഴുവൻ സമ്പത്തും, ധനവും, അഭിമാനവും, ബഹുമാനവും, ജീവനും, സ്വത്തും കൈവെടിയുകയായിരുന്നു. അവൻ ഒരു വസ്തുവിന്റേയും ഉടമസ്ഥനല്ല എന്ന രീതിയിൽ എല്ലാം ഉപേക്ഷിക്കുമായിരുന്നു. ഇതുപോലെ അവരുടെ മുഴുവൻ പ്രതീക്ഷകളും ലോകത്ത് നിന്ന് വിച്ഛേദിക്കപ്പെട്ടതായിരുന്നു. അഭിമാനവും മഹത്ത്വവും, പ്രൗഢിയും പ്രതാപവുമൊന്നും അവരുടെ ഉദ്ദേശ്യമായിരുന്നില്ല. അവർക്ക് അവരുടേതായി ഒന്നും തന്നെ ഉണ്ടായിരുന്നില്ല. അവർക്ക് അവരുടെ സ്വന്തം അഭിമാനത്തിന്റെ പ്രശ്നമുണ്ടായിരുന്നില്ല. ഏതെങ്കിലും വിധത്തിലുള്ള മഹത്ത്വത്തിന്റേയോ വലിയ സ്ഥാനത്തിന്റേയോ ആഗ്രഹമുണ്ടായിരുന്നില്ല. ഇസ്‌ലാമിനുവേണ്ടി ജീവനും സ്വത്തും സമയവും അഭിമാനവും ത്യജിക്കാൻ എപ്പോഴും തയ്യാറായിരിക്കണമെന്ന ഒരേയൊരു ചിന്ത മാത്രമേ അവർക്കുണ്ടായിരുന്നുള്ളു. ഈ പ്രതിജ്ഞ ഇന്ന് നമ്മളും ചെയ്യുന്നു. എന്നാൽ , സ്ഥാനം ആഗ്രഹിക്കുന്ന ചിലരുണ്ട് . ഭാരവാഹികളിലും അത്തരക്കാരുണ്ട്. പരിമിതമായിട്ടാണെങ്കിലും കുറച്ച് പ്രൗഢിയും പ്രതാപവും അവിടെ നിന്ന് വെളിപ്പെടുന്നു. ഭാരവാഹിത്വം ലഭിച്ചാൽ അല്ലാഹുവിന് നന്ദി രേഖപ്പെടുത്തുന്നതിനു പകരം, മുമ്പത്തേക്കാൾക്കൂടുതൽ ദീനിനെ സേവിക്കണമെന്ന താത്പര്യം ഉണ്ടാകുന്നതിനു പകരം, ഈ ഭാഗത്തേക്ക് ശ്രദ്ധിക്കാതെ കേവലം തങ്ങളുടെ ഭാരവാഹിത്വത്തിന്റെ ഗർവ് മാത്രമാണ് ഉള്ളത്. ഭാരവാഹികൾ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. പറയുന്നു: തങ്ങൾ രാജാക്കന്മാരാകുമെന്നോ ഏതെങ്കിലും രാജ്യത്തെ ജയിച്ചടക്കുമെന്നോ സ്വഹാബാക്കളിൽ ആരെങ്കിലും ചിന്തിച്ചിട്ടുണ്ടായിരുന്നോ? അറബികളുടെ അവസ്ഥ കണ്ട് ആർക്കെങ്കിലും അത്തരം ചിന്ത ഉണ്ടാകുമായിരുന്നോ? ഒരിക്കലുമില്ല. ഈ കാര്യങ്ങൾ അവരുടെ ചിന്തകളിൽപോലും ഉണ്ടായിരുന്നില്ല. മറിച്ച് അവർ എല്ലാവിധ പ്രതീക്ഷകളിൽനിന്നും വിട്ടു നില്ക്കുമായിരുന്നു. എന്നിട്ട്

എല്ലായിപ്പോഴും അല്ലാഹുവിന്റെ മാർഗത്തിൽ എല്ലാ
പ്രയാസങ്ങളും മുസീബത്തുകളും രസാനുഭൂതിേ
യാടുകൂടി സഹിക്കാൻ തയ്യാറാകുമായിരുന്നു. പ്രൗ
ഢിയും പ്രതാപവും അവർ ആഗ്രഹിച്ചിരുന്നില്ല.
അവർ 'ഭാരവാഹിത്വം ആഗ്രഹിച്ചിരുന്നില്ല. അവർ
മഹത്ത്വം ആഗ്രഹിച്ചിരുന്നില്ല, അഭിമാനം ആഗ്ര
ഹിച്ചിരുന്നില്ല. ത്യാഗമാണ് അവർ ആഗ്രഹിച്ചി
രുന്നത്. അതിലായിരുന്നു അവർക്ക് അനുഭൂതി
യുണ്ടായിരുന്നത്. അതിലാണവർക്ക് ആനന്ദം ലഭി
ച്ചിരുന്നത്. പറഞ്ഞു: 'ജീവൻ നല്കാൻ പോലും തയ്യാ
റായിരുന്നു അവർ. ഈ ലോകത്ത് നിന്ന് പൂർണ
മായും വേറിട്ട, വിച്ഛേദിക്കപ്പെട്ട അവസ്ഥയായി
രുന്നു അവരുടേത്. എന്നാൽ, അല്ലാഹു അവരുടെ
മേൽ തന്റെ അനുഗ്രഹം ചൊരിയുകയും അവർ
ക്ക് അവൻ അധികമായി നല്കുകയും ചെയ്തു
എന്നത് വേറെകാര്യം. അവർ എല്ലാവിധ ത്യാഗത്തിനും
തയ്യാറായിരുന്നു. എന്നാൽ, അല്ലാഹു തന്റെ അനു
ഗ്രഹം ചൊരിഞ്ഞു. എത്രമാത്രമെന്നാൽ, ഈ മാർ
ഗത്തിൽ സർവ്വവും ത്യജിച്ച അവരുടെമേൽ അതിരി
ല്ലാത്ത അനുഗ്രഹം ചൊരിയുകയുണ്ടായി.' (മൽഫൂ
ദാത്ത് വാല്യം 5 പേജ് 397–398, 1985 ലണ്ടൻ പതിപ്പ്)

പിന്നീട് നമ്മൾ നമ്മുടെ സ്വഭാവപരമായ അവ
സ്ഥകൾ നന്നാക്കി തീർക്കാനും നന്മയിൽ നില
നില്ക്കാനും തിന്മകൾ വർജിക്കാനും ശ്രദ്ധ ക്ഷണി
ച്ചുകൊണ്ട് വളരെ വേദനയോടുകൂടി അവിടന്ന് പ
റയുന്നു: 'അയൽവാസിക്ക് തന്റെ സ്വഭാവത്തിൽ ഒരു
പരിവർത്തനം കാണിക്കുന്നവൻ, മുമ്പത്തേതിൽ നി
ന്ന് വ്യത്യസ്തമായ മാറ്റം കാണിക്കുന്നവൻ, വാസ്
തവത്തിൽ കറാമത്താണ് കാണിക്കുന്നത്.' നമ്മുടെ
അയൽവാസികൾക്ക് നമ്മൾ അഹ്മദിയായതിനു ശേ
ഷം നമ്മിൽ പരിവർത്തനം കാണാൻ സാധിച്ചാൽ,
അതല്ലെങ്കിൽ ഓരോ അഹ്മദിയും തങ്ങളുടെ
അയൽവാസിയോട് അവർ അത്ഭുതപ്പെടും വിധം
പെരുമാറിയാൽ, ഈ മനുഷ്യൻ സാധാരണ മനു
ഷ്യനല്ല എന്ന് അവർ ചിന്തിച്ചാൽ, വാസതവത്തിൽ
അവൻ ഒരു കറാമത്താണ് കാണിക്കുന്നത്, ഒരു
മുഅ്ജിസത്താണ് കാണിക്കുന്നത്. ആളുകളെ അ
ത്ഭുതപ്പെടുത്തുന്ന പ്രവൃത്തിയാണ് അയാൾ ചെയ്യു
ന്നത്. പറയുന്നു: ഇതിന് വളരെ ഉന്നതനിലയി
ലുള്ള സ്വാധീനമായിരിക്കും അയൽവാസികളിൽ
ഉണ്ടാകുന്നത്. ഈ ഉന്നത സ്വഭാവഗുണംകൊണ്ട്
അയൽവാസി സ്വാധീനിക്കപ്പെടുന്നതാണ്. വളരെ
ഉന്നതനിലയിലുള്ള സ്വാധീനവും അവനിൽ ഉ
ണ്ടാകുന്നതാണ്. പറയുന്നു: 'എന്ത് പുരോഗതിയാ
ണ് ഉണ്ടായിട്ടുള്ളതെന്ന് തങ്ങൾക്കറിയില്ല എന്ന
ആക്ഷേപം നമ്മുടെ ജമാഅത്തിനുമേൽ ഉന്നയി
ക്കുന്നു. കറ്റുകെട്ടിലും മറ്റും അകപ്പെട്ടിരിക്കുകയാ
ണെന്ന വ്യാജാരോപണവും ആക്ഷേപവുമാണ് ന
ടത്തുന്നത്.' അന്യരെ സംബന്ധിച്ച്, ശത്രുക്കളെ സംബ
ന്ധിച്ചാണ് ഇവിടെ പരാമർശിക്കുന്നത്. അഹ്മദി
യായതുകൊണ്ട് എന്ത് നേട്ടമാണുണ്ടായത് എന്ന
ആക്ഷേപം അവർ ഉന്നയിക്കുന്നു. കളവ്, കറ്റുകെട്ട്,
ദുർഭാവന, കോപം തുടങ്ങിയവയിൽ ഈ ആളുകൾ
ഇപ്പോഴും അകപ്പെട്ടിരിക്കുകയാണ്. പറയുന്നു:
'ഇവിടെയുള്ളവർ നല്ലവരാണെന്ന് കരുതി ഈ
ജമാഅത്തിൽ വന്നവരെ സംബന്ധിച്ചിടത്തോളം
ലജ്ജാകരമായ കാര്യമല്ലേ ഇത്?' ഇപ്പറയുന്നത്
അഹ്മദികളെ സംബന്ധിച്ചാണ്. അവരെ സംബ
ന്ധിച്ചിടത്തോളം ഇത് ലജ്ജാകരമായ കാര്യമാണ്.
നല്ലതാണ് എന്ന് കരുതിയണ് ഈ ജമാത്തിൽ
വന്നത്. അല്ലെങ്കിൽ അവരെ കണ്ട് നല്ലതാണെന്ന്
കരുതി ഏതെങ്കിലും വ്യക്തി ജമാഅത്തിൽ പ്ര
വേശിച്ചു. പറയുന്നു: 'തന്റെ പിതാവിന്റെ സൽപേര്
വെളിപ്പെടുത്തുന്ന നല്ല പുത്രനെ പോലെയാണ്
ബയ്അത്തു ചെയ്യുന്ന വ്യക്തി. മകന്റെ സ്ഥാന
ത്താണ് അയാൾ ഉൾപ്പെടുന്നത്. ഈ നല്ല അനു
സരണമുള്ള, നല്ല വിധേയത്വമുള്ള മകൻ തന്റെ പി
താവിന്റെ സല്പേരിന് കാരണമാകുന്നു. പറയു
ന്നു: 'ബയ്അത്ത് ചെയ്യുന്ന ആളും മകനെപോലെ
യാണ്. നബി(സ)തിരുമേനി പരിശുദ്ധ പത്നിമാ
രെ ഉമ്മഹാത്തുൽ മുഅ്മിനീൻ (വിശ്വാസികളുടെ
മാതാക്കൾ) എന്ന് പറഞ്ഞിരിക്കുന്നു എന്ന തെളി
വാണ് അവിടന്ന് ഇതിനു നൽകിയിരിക്കുന്നത്.
എന്നുവെച്ചാൽ, നബി(സ)തിരുമേനി പൊതുമുസ്
ലിംകളുടെ പിതാവാണ്. നബി(സ)തിരുമേനിയുടെ
ഭാര്യമാർ വിശ്വാസികളുടെ മാതാക്കൾ ആവുമ്പോൾ
നബി(സ)തിരുമേനി വിശ്വാസികളുടെ പിതാവാ
ണെന്നാണ് അതിന്റെ അർഥം. ...പറയുന്നു: 'ഭൂമി
യിൽ വരാൻ മനുഷ്യന് കാരണക്കാരനാകുന്നത്
ശാരീരിക പിതാവ് ആണ്. സാധാരണ ജീവിത
ത്തിൽ എല്ലാവർക്കും പിതാക്കന്മാരുണ്ട്. മാതാപിതാ
ക്കളിലൂടെയാണ് ഏതെങ്കിലും ആത്മാവ് അല്ലെങ്കിൽ
കുട്ടി ഭൂമിയിലേക്ക് വരുന്നത്. മാതാപിതാക്കൾ
കാരണം ഈ ബാഹ്യമായ നിലയിലുള്ള ജീവിതം
കുട്ടിക്ക് ലഭിക്കുന്നു. പിതാവ് മൂലം ഈ ലോകത്ത്
കുട്ടിക്ക് ജീവിതം ലഭിക്കുന്നു. എന്നാൽ, ആത്മീയ
പിതാവ് (ഇതിനെതിരിൽ ആത്മീയ പിതാവുണ്ട്)
ആകാശത്തേക്ക് കൊണ്ടു പോകുന്നു. ശാരീരിക
പിതാവ് ഭൂമിയിലേക്ക് കൊണ്ടു വരുമ്പോൾ, ആത്മീ
യപിതാവ് ആകാശത്ത് കൊണ്ടുപോകുന്നു. ആത്മീ
യതയിൽ പുരോഗതി നല്കുന്നു. ആ യഥാർഥ
കേന്ദ്രത്തിലേക്ക് മാർഗദർശനം നല്കുന്നു. അതാ
യത് അല്ലാഹുവിലേക്ക് മാർഗദർശനം നല്കുന്നു.
പറയുന്നു: 'പുത്രൻ തന്റെ പിതാവിനെ അപകീ
ർത്തിപ്പെടുത്തുന്നത് നിങ്ങൾ ഇഷ്ടപ്പെടുന്നുവോ?

പുത്രൻ തന്റെ പിതാവിനെ അപകീർത്തിപ്പെ
ടുത്തുന്നത് ഒരിക്കലും തന്നെ നിങ്ങൾ ഇഷ്ടപ്പെടു
കയില്ല. ഒരു പിതാവും തന്റെ പുത്രൻ തന്നെ അപ
കീർത്തിപ്പെടുത്തുന്നവനാകാൻ ആഗ്രഹിക്കുകയില്ല.
അതുകൊണ്ട് മുമ്പേ പറഞ്ഞതു പോലെ ഇതിനാ
യി തങ്ങളുടെ മാതൃക ഈ വിധത്തിൽ ആക്കി
ത്തീർക്കേണ്ടതാണ്. മറ്റുള്ളവർക്ക് ചുവടുതെറ്റാനും
കാരണമാകരുത്, തങ്ങളുടെ പിതാവിനെ അപ
കീർത്തിപ്പെടുത്തുന്നവരുമാകരുത്. പറയുന്നു: 'ഏ
തെങ്കിലും പുത്രൻ തന്റെ പിതാവിനെ അപകീ
ർത്തിപ്പെടുത്തുന്നത് ആരെങ്കിലും ഇഷ്ടപ്പെടുമോ?
വേശ്യകളുടെ അടുത്ത് പോകുന്നത്, ചൂതാട്ടം ന
ടത്തി കറങ്ങി നടക്കുന്നത്, മദ്യപാനം നടത്തുന്നത്
അതല്ലെങ്കിൽ അതുപോലുള്ള മോശമായ കാര്യങ്ങൾ
ചെയ്യുന്നവനായി മാറുന്നത്, മദ്യപാനം ചൂതാട്ടം മുത
ലയവ പ്രവർത്തികൾ ചെയ്യുകയാണെങ്കിൽ, അത്
ഒരു പിതാവും ഇഷ്ടപ്പെടുകയില്ല. നല്ല മുസ്ലിമാ
യ ഒരു പിതാവും തന്റെ മകൻ ഇത്തരം പ്രവ
ർത്തികൾ ചെയ്യുന്നത് ഇഷ്ടപ്പെടുകയില്ല. എന്നല്ല,
ചില കാര്യങ്ങൾ അമുസ്ലിംകൾപോലും ചെയ്യാൻ
ഇഷ്ടപ്പെടാത്തതാണ്.' പറയുന്നു: പിതാവിന്റെ അപ
കീർത്തിക്ക് കാരണമാകുന്ന കാര്യങ്ങൾ ചെയ്യുക
യെന്നത് ഇഷ്ടപ്പെടുമോ? പറയുന്നു: 'എനിക്കറിയാം
അങ്ങനെ ഒരാൾപോലും ഈ പ്രവർത്തിയെ ഇ
ഷ്ടപ്പെടുന്നവരായി ഉണ്ടാവുകയില്ല. എന്നാൽ, ആ
യോഗ്യതയില്ലാത്ത പുത്രൻ അങ്ങനെ ചെയ്യുമ്പോൾ
ആളുകൾ അയാൾക്കു നേരെ വിരൽ ചൂണ്ടും.
അയാളെ കുറിച്ച് സംസാരിക്കും. അയാളുടെ പി
താവിനെ കുറിച്ചും സംസാരിക്കും ആളുകൾ അയാ
ളുടെ പിതാവുമായി ബന്ധപ്പെടുത്തിക്കൊണ്ട് പ
റയും, ഇയാൾ ഇന്ന വ്യക്തിയുടെ മകനാണെന്ന്!
ഇന്ന ആളുടെ മകൻ ഇന്ന ചീത്ത പ്രവർത്തി ചെ
യ്യുന്നുവെന്ന്! ആ ചീത്തയായ മകൻ പിതാവിന്റെ അപ
കീർത്തിക്ക് അപ്രകാരം കാരണമാകുന്നു! അതുപോ
ലെ ഏതെങ്കിലും വ്യക്തി ഈ ജമാഅത്തിൽ പ്ര
വേശിക്കുമ്പോൾ ഈ ജമാഅത്തിന്റെ മഹത്ത്വവും
അഭിമാനവും പരിഗണിക്കുന്നില്ലെങ്കിൽ, അതിനെ
തിരാണ് ചെയ്യുന്നതെങ്കിൽ, അയാൾ അല്ലാഹുവി
ന്റെ പക്കൽ പിടിക്കപ്പെടും. അയാൾ അല്ലാഹുവി
ന്റെ പിടിത്തത്തിൽ അകപ്പെടും. കാരണം, അയാൾ
തന്നത്താൻ നാശത്തിലാകുകയല്ല ചെയ്യുന്നത് മറിച്ച്
മറ്റുള്ളവർക്ക് ദുർമാതൃകയായിക്കൊണ്ട് അവരെ
സൗഭാഗ്യത്തിന്റേയും സന്മാർഗത്തിന്റേയും മാർഗം
തടയുന്നവരാക്കി മാറ്റുകയും ചെയ്യുന്നു. മുമ്പേ
പറഞ്ഞിരുന്ന കാരുണ്യത്തിന്റെ വിശദീകരണം
ഇവിടെ നല്കുകയുണ്ടായി. അതുകൊണ്ട് നിങ്ങ
ൾക്ക് എത്രത്തോളം ശക്തിയുണ്ടോ, പറയുന്നു,
എത്രത്തോളം നിങ്ങൾക്ക് നല്കിയിട്ടുണ്ടോ അത്ര
ത്തോളം അല്ലാഹുവിനോട് സഹായം ചോദിക്കുക.
എന്നിട്ട് നിങ്ങളുടെ മുഴുവൻ ശക്തിയും കഴിവും
കൊണ്ട് നിങ്ങളുടെ ദൗർബല്യങ്ങളെ ഇല്ലാതാക്കാൻ
ശ്രമിച്ചുകൊണ്ടിരിക്കുക. എവിടെയാണോ നിങ്ങൾ
നിസ്സഹരായിത്തീരുന്നത് അവിടെ സത്യസന്ധത
യോടും വിശ്വാസത്തോടുംകൂടി കൈ ഉയർത്തുക.
കാരണം, വേദനയോടും ഉള്ളുരുക്കത്തോടുംകൂടി
ഉയർത്തപ്പെടുന്ന കൈകൾ –അത് സത്യസന്ധത
യുടേയും വിശ്വാസത്തിന്റേയും പ്രേരണകൊണ്ട്
ഉയരുന്നതിനാൽ ശൂന്യമായി മടക്കപ്പെടുകയില്ല.
പരിശ്രമിക്കുക, നിങ്ങളുടെ പരിശ്രമം വിജയിക്കു
ന്നില്ലെങ്കിൽ, ഇനി ഒന്നും സാധ്യമല്ലെന്ന് വിചാ
രിക്കരുത്. ദുആ ചെയ്യുക. അങ്ങേയറ്റം ദുആ ചെയ്യുക.
അതിന് പരിധിയുണ്ടാകരുത് . സത്യസന്ധതകൊണ്ട്
ഉയരുന്ന കൈകളായിരിക്കണം. അല്ലാഹുവിന്റെ സമ
ക്ഷത്തിൽ ദുആ ചെയ്യുക എന്നാൽ, സത്യസന്ധ
തയോടുകൂടി, തങ്ങളുടെ ഹൃദയത്തെ പിടിച്ച്
കുലുക്കിക്കൊണ്ട് പ്രാർഥിക്കുക. നോക്കൂ ഞാൻ
പറഞ്ഞ കാര്യമാണ് സത്യം. ഇതാണ് ഞാൻ
ആഗ്രഹിക്കുന്നത്. ഇതാണ് ഞാൻ അല്ലാഹുവിനോ
ട് ചോദിക്കുന്നത്. എന്തെന്നാൽ, ഈ ഒരവസ്ഥ
ഉണ്ടായാൽ, സത്യസന്ധതയുടെ പ്രേരണ ഹൃദ
യത്തിൽ ഉണ്ടായാൽ, അതിന്റെ ഫലമായി കൈ
ഉയർന്നാൽ, അതിന്റെ ഫലമായി മനുഷ്യൻ അ
ല്ലാഹുവിന്റെ സമക്ഷത്തിൽ കുനിഞ്ഞാൽ അത്തരം
കൈകൾ പിന്നീട് ശൂന്യമായി പോവുകയില്ല.
അല്ലാഹു തീർചയായും നല്കുന്നതായിരിക്കും.'

പറയുന്നു: നാം അനുഭവം കൊണ്ട് പറയു
കയാണ്, നമ്മുടെ ആയിരക്കണക്കിന് ദുആകൾ
സ്വീകരിക്കപ്പെട്ടിട്ടുണ്ട്. സ്വീകരിക്കപ്പെട്ട് കൊണ്ടി
രിക്കുകയും ചെയ്യുന്നു. പിന്നീട് പറയുന്നു: 'തന്റെ
ഉള്ളിൽ സമസൃഷ്ടികൾക്കായി ഒരു ആവേശം കാ
ണിക്കാത്തവൻ പിശുക്കനാണെന്ന കാര്യത്തിൽ
സംശയമില്ല.' തന്റെ സുഹൃത്തുക്കൾക്കായി, മറ്റു
മനുഷ്യർക്കായി സഹാനുഭൂതിയുടെ ആവേശം ഇ
ല്ലെങ്കിൽ അതിനർഥം നിങ്ങൾ പിശുക്കന്മാരാണെ
ന്നാണ്. പറയുന്നു: 'നന്മയും ഗുണവുമുള്ള ഒരു
മാർഗം കാണുമ്പോൾ അത് ജനങ്ങളെ വിളിച്ച് പ
റഞ്ഞു കൊടുക്കുക എന്നത് എന്റെ നിർബന്ധ
കടമയാണ്.' ഇതും നമ്മുടെ നിർബന്ധകടമയാണ്.
നാം കണ്ടിരിക്കുന്ന ഈ നന്മയുടേയും ഗുണ
ത്തിന്റേയും മാർഗം–അതുമുഖേനയാണല്ലോ നമ്മൾ
അഹ്മദിയ്യത്ത് സ്വീകരിച്ചത് അതുകൊണ്ട്– വരൂ!
ഇവിടെ നിങ്ങളുടെ ഇഹപരലോകങ്ങൾ മനോ
ഹരമാക്കിത്തീർക്കാനുള്ള മാർഗങ്ങൾ കണ്ടെത്തൂ
എന്ന് ജനങ്ങളോട് വിളിച്ച് പറയേണ്ടത് നമ്മുടെ നി
ർബന്ധകടമയാണ്. പറയുന്നു: 'ആരെങ്കിലും ഇത
നുസരിച്ച് പ്രവർത്തിക്കുന്നുണ്ടോ എന്ന കാര്യം
വിലവെക്കേണ്ടതില്ല. നമ്മുടെ ജോലി വിളിക്കു
കയെന്നുള്ളതാണ്. നമ്മുടെ ജോലി ഇസ്ലാഹ്–പരി
ഷ്കരിച്ചെടുക്കുക എന്നതാണ്. അതിനാൽ, ആരെ
ങ്കിലും പ്രവർത്തിക്കുന്നുണ്ടോ, സ്വീകരിക്കുന്നു
ണ്ടോ എന്ന കാര്യം നോക്കേണ്ടതില്ല. ഒരു ഫാർസി
കവിതാ ശകലം അവിടന്ന് വിവരിക്കുന്നു:

കസ് ബശുനൂദ് യാ നശുനൂദ്
മൻ ഗുഫ്ത്തഗോയെ മീ കുനം

ആരെങ്കിലും കേൾക്കുകയോ കേൾക്കാതിരിക്കു
കയോ ചെയ്യട്ടെ, ഞാൻ പറഞ്ഞുകൊണ്ടേയിരിക്കും
അല്ലെങ്കിൽ ഉപദേശിച്ചുകൊണ്ടിരിക്കുകതന്നെ ചെ
യ്യും.(മൽഫൂദാത്ത് വാല്യം 1 പേജ് 146–147 1985
ലണ്ടൻപതിപ്പ്)

അതിനാൽ, നല്ല മാതൃകകൾ സ്ഥാപിച്ചുകൊണ്ട്
നമുക്ക് തബലീഗിന്റെ ഉത്തരവാദിത്വം നിറവേ
റ്റേണ്ടതായിട്ടുണ്ട്. ഇത് എല്ലാ അഹ്മദികളുടേ
യും ഉത്തരവാദിത്വമാണ്. ഈ കാര്യത്തിലേക്ക്
നമ്മൾ ശ്രദ്ധിക്കേണ്ടതാണ്; അവസാനം ജനങ്ങൾ
കേട്ടുതുടങ്ങുന്ന ഒരു സമയം വരും. എന്നാൽ,
ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ,
ഇനി ആരെങ്കിലും കേൾക്കുന്നില്ലങ്കിലും നമ്മൾ
സന്ദേശം എത്തിച്ച് കൊണ്ടേയിരിക്കേണ്ടതാണ്.
അതോടൊപ്പംതന്നെ, അവിടന്ന് പറഞ്ഞതുപോലെ,
അദ്ദേഹത്തിന്റെ ജമാഅത്തുമായി ചേർത്തു പറയു
മ്പോൾ നമ്മൾ നമ്മുടെ മാതൃകയും ഉന്നതനില
വാരത്തിൽ ആക്കേണ്ടണ്ടതായിട്ടുണ്ട്. അപ്പോൾ
ജനങ്ങളുടെ ശ്രദ്ധയും നമ്മുടെ 'ഭാഗത്തേക്ക് ഉണ്ടാ
കുന്നതാണ്.

നമ്മുടെ അവസ്ഥകൾ ഉന്നതമാക്കുന്നതിന് ഉപ
ദേശിച്ചുകൊണ്ട് അവിടന്ന് പറയുന്നു: 'ഇൽഹാ
മിൽ ഇല്ലല്ലദീന അലൗ ബിസ്തിക്ബാരിൻ എന്ന്
വന്നിരിക്കുന്നു. ഇത് പ്ലേഗിനെകുറിച്ച് അറബി
യിലുള്ള ഇൽഹാമാണ്. ഇതിന് മുമ്പേയും അറബി
വാക്കുകളുണ്ട്. അതിന്റെ അർഥം ഇപ്രകാരമാ

ണ്. നിന്റെ വീട്ടിൽ പ്രവേശിക്കുന്നവനെ ഞാൻ രക്ഷിക്കുന്നതായിരിക്കും. എന്നാൽ, അതോടൊപ്പം തന്നെ ഈ വാക്കുകളുമുണ്ട് ഇല്ലല്ലദീന അ ലൗ ബിസ്തിക്ബാറ. അതായത്, തങ്ങളെ ശ്രേഷ്ഠരായി കാണുന്നവരെപ്പറ്റി അവിടന്ന് വിശദീകരണം നല്കിയത് പൂർണമായ നിലയിൽ അവർ അനുസരിക്കാത്തവരാണ് എന്നാണ്; അനുസരിക്കുന്നവരാണ് വിശ്വാസികൾ.

പറയുന്നു: 'പൂർണമായ നിലയിൽ വിശ്വസിക്കാത്തവരും ഇതുകൊണ്ട് വിവക്ഷിതരാണ്.' പിന്നീട് അവിടന്ന് പറയുന്നു: 'നിന്റെ വീട്ടിൽ പ്രവേശിക്കുന്നവരെ താൻ സംരക്ഷിക്കുമെന്ന് അല്ലാഹു ജാമ്യം നല്കിയിടത്ത്, പൂർണമായ നിലയിൽ അനുസരിക്കാത്തവർക്ക് ഈ കല്പന ബാധകമല്ലെന്ന് പറഞ്ഞ കാര്യം വളരെ അധികം താക്കീതു ചെയ്യുന്നതും 'ഭയപ്പെടുത്തുന്നതുമാണ്. അതായത് അവരെ നിർബന്ധമായും അല്ലാഹു സംരക്ഷിച്ചു കൊള്ളണമെന്നില്ല.

പറയുന്നു: 'അതുകൊണ്ട് കൂടെക്കൂടെ കശ്തിയെ നൂഹ് എന്ന ഗ്രന്ഥം വായിക്കേണ്ടതും വിശുദ്ധ ഖുർആൻ ഓതേണ്ടതും നിർബന്ധമാണ്. എന്നിട്ട് അതനുസരിച്ച് പ്രവർത്തിക്കുക. എന്ത് സംഭവിക്കും എന്ന് ആർക്കെന്തറിയാം. നിങ്ങളുടെ സമൂഹത്തിൽനിന്ന് നേടേണ്ട ശാപം ഏറ്റുവാങ്ങിയിക്കുന്നു. അഹ്മദികളായതിനുശേഷം ഒരുപാടാളുകൾ ശത്രുത കാണിക്കുന്നു. എന്നാൽ, ഈ ശാപം ഏറ്റുവാങ്ങി അല്ലാഹുമായും നിങ്ങളുടെ ഇടപാട് ശുദ്ധമല്ലെങ്കിൽ അവന്റെ കാരുണ്യത്തിന്റേയും അനുഗ്രഹത്തിന്റേയും കീഴിൽ വരുന്നില്ലെങ്കിൽ പിന്നെ എത്രമാത്രം ബുദ്ധിമുട്ടും പ്രയാസമുണ്ടാക്കുന്നതുമാണ്?'

പറയുന്നു, പത്രക്കാർ എത്രമാത്രം ഒച്ചപ്പാടാണ് ഉണ്ടാക്കുന്നത്? നമ്മെ എതിർക്കാൻ എല്ലാ വശത്ത് നിന്നും ശക്തിചെലുത്തുന്നു. ഇന്ന് ഈ എതിർപ്പുകൾ വളരെ വർധിച്ചിരിക്കുകയാണ്. നമ്മുടെ ധാരാളം അഹ്മദികൾ പാക്കിസ്താനിൽ നിന്ന് യൂറോപ്പിലേക്ക് വരുന്നത് ഈ എതിർപ്പ് കാരണമാണ്. പറയുന്നു: 'എന്നാൽ, അവർ ഓർക്കുക! അല്ലാഹുവിന്റെ പ്രവർത്തികൾ അനുഗൃഹീതമായിരിക്കും. അതേസമയം, ഈ അനുഗ്രഹത്തിൽ നി ന്ന് ഭാഗം കരസ്ഥമാക്കുന്നതിനായി നമ്മൾ നമ്മുടെ ഇസ്ലാഹും- പരിവർത്തനവും നടത്തേണ്ടത് അനിവാര്യമാണ്. അതുകൊണ്ട് നിങ്ങൾ നിങ്ങളുടെ ഈമാന്റേയും അമലുകളുടേയും കണക്കെടുപ്പ് നടത്തുക. നിങ്ങളുടെ ഹൃദയം അല്ലാഹുവിന്റെ അർശായി മാറുകയും നിങ്ങൾ അവന്റെ സംരക്ഷണത്തിൽ വരുവിധം പരിവർത്തനവും പരിശുദ്ധിയും ഉണ്ടാക്കിയെടുത്തിട്ടുണ്ടോ എന്ന് നോക്കുകയും ചെയ്യുക. (മൽഫൂദാത്ത് വാള്യം 4 പേജ് 69-70 1985 ലണ്ടൻ പതിപ്പ്)

ഈ ഒരു പരിശോധന നടത്തേണ്ടതുണ്ട്. പുതിയ അഹ്മദികളാണെങ്കിലും പഴയ അഹ്മദികളാണെങ്കിലും ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചുകൊണ്ട് നമ്മൾ നമ്മുടെ കർമപരമായ പരിഷ്കരണം നടത്തുന്നതുവരെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബയ്അത്തിൽ വന്നതിന് ശേഷം ലഭിക്കുന്ന ആ അനുഗ്രഹങ്ങളിൽ നിന്ന് അനുഗ്രഹം കരസ്ഥമാക്കാൻ സാധിക്കുകയില്ല. നമുക്ക് അല്ലാഹുവിന്റെ സംരക്ഷണത്തിലായിത്തീരാനും സാധ്യമല്ല.

പറയുന്നു, ഈമാനുവേണ്ടിയുള്ള വിലാപത്തിന്റെ അവസ്ഥ വിത്തിന് സമാനമായതാണ്. പിന്നീട് നിർബന്ധകാര്യങ്ങൾ ഉപേക്ഷിക്കുന്നതിലൂടെ ഈമാൻ അതിന്റെ തരളമായ മുകുളങ്ങൾ പുറത്തുകൊണ്ട് വരുന്നു. വിനയം ഉണ്ടാക്കുക, വിലാപം ഉണ്ടാക്കുക എന്നത് ഈമാന്റെ വിത്തിന്റെ അവസ്ഥയാണ്. ഇത് ഉണ്ടായിത്തീർന്നാൽ, മനുഷ്യൻ നിരർഥമായ കാര്യങ്ങൾ ഉപേക്ഷിച്ചാൽ, വിലാപത്തിന്റെ അവസ്ഥ ഉണ്ടായിത്തീർന്നാൽ, അനാവശ്യകാര്യങ്ങളും ഉപേക്ഷിച്ചാൽ ഈമാൻ ചെടി മുളക്കുന്നതുപോലെ അതിന്റെ പച്ചളിപ്പ് പുറത്ത് വരാൻ തുടങ്ങുന്നു. പിന്നീട് സമ്പത്ത് സക്കാത്തായി നല്കുന്നതിലൂടെ ഈമാനിക വൃക്ഷത്തിന് ശാഖകൾ ഉണ്ടാകുന്നു. പിന്നീട് സാമ്പത്തിക ത്യാഗം ചെയ്യുമ്പോൾ സക്കാത്ത് നല്കുമ്പോൾ, അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുമ്പോൾ അത് ആ ചെടിയെ കൂടുതൽ വളർത്തുന്നു. അതിന് ശാഖകൾ ഉണ്ടാകാൻ തുടങ്ങുന്നു. അത് അതിന്റെ തായ്ത്തടിയെ ബലമുള്ളതാക്കുന്നു. അങ്ങനെ ആ മരം ബലമുള്ളതായിത്തീരുന്നു.

പറയുന്നു, പിന്നീട് ശരീരേച്ഛയോടുള്ള പോരാട്ടത്തിലൂടെ ഈ ശാഖകളിൽ നല്ലവണ്ണം ബലവും ശക്തിയും ഉണ്ടാകുന്നു. മനുഷ്യന്റെ ഹൃദയത്തിൽ ചീത്തയായ ആഗ്രഹങ്ങൾ ഉണ്ടാകുമ്പോൾ, ശരീരേച്ഛയുടെ ആഗ്രഹമുണ്ടാകുമ്പോൾ, തിന്മയിലേക്ക് ശ്രദ്ധയുണ്ടാകുമ്പോൾ, മനുഷ്യൻ അതിനെ നേരിട്ട് അത് ചെയ്യാതെ അതിനെ അടിച്ചമർത്തി തന്റെ ദോഷപ്രവണമായ ആത്മാവിനെ ഇല്ലാതാക്കുമ്പോൾ ഈ പുറത്ത് വന്നിരിക്കുന്ന ശാഖകൾ അതിൽ ശക്തിയും ബലവും ഉണ്ടാക്കുന്നു.

പിന്നീട് പറയുന്നു: 'തന്റെ മുഴുവൻ പ്രതിജ്ഞകളേയും അമാനത്തുകളേയും സംരക്ഷിക്കുന്നതിലൂടെ ഈമാന്റെ വൃക്ഷം അതിന്റെ ശക്തമായ തടിയിൽ എഴുന്നേറ്റു നില്ക്കുന്നു. പിന്നീട് നമ്മൾ ചെയ്ത പ്രതിജ്ഞകൾ, നമ്മളെ ഏല്പ്പിച്ചിരിക്കുന്ന അമാനത്തുകൾ അത് ശരിയായ രീതിയിൽ സംരക്ഷിക്കുകയാണെങ്കിൽ, (എല്ലാവരും പ്രതിജ്ഞ ചെയ്തിട്ടുണ്ട്. താൻ ദീനിന് ദുൻയാവിനേക്കാൾ പ്രാധാന്യം നല്കും എന്ന് ഖുദ്ദാമുൽ അഹ്മദിയ്യായിലും പ്രതിജ്ഞ ചെയ്യുന്നു. ജമാഅത്തിൽ ബയ്അത്ത് ചെയ്യുമ്പോഴും ഈ പ്രതിജ്ഞ ചെയ്യുന്നു.) ഈ പ്രതിജ്ഞയെ സംരക്ഷിച്ചാൽ അതുപോലെ നമ്മളെ ഏല്പ്പിച്ചിരിക്കുന്ന അമാനത്തുകൾ ആ അമാനത്തുകൾ എന്താണ്? 'ഭാരവാഹികൾ ആണെങ്കിൽ അവരിൽ 'ഭാരവഹിത്വം എന്ന അമാനത്താണുള്ളത്. സാധാരണ അഹ്മദിയാണെങ്കിൽ അവരുടെമേലും അമാനത്തുണ്ട്. അവർ അഹ്മദിയ്യത്തിന്റെ ശരിയായ മാതൃക കാണിക്കുകയും ആരും കാലിടറിപ്പോകാൻ കാരണമായിത്തീരാതിരിക്കുകയും ചെയ്യുക എന്നതാണത്. അപ്രകാരം ആയിത്തീർന്നാൽ ഈ ഈമാന്റെ വൃക്ഷം ബലമുള്ള തടിയിൽ ഉയർന്നു നില്ക്കും. ഈ എല്ലാ കാര്യങ്ങളും കൂടിച്ചേർന്ന് അതിനെ ബലമുള്ള വൃക്ഷമാക്കി മാറ്റും. പിന്നീട് ഫലം കൊണ്ടുവരേണ്ട സമയം, (അതായത് ഒരു വൃക്ഷം വലുതാകുമ്പോൾ അത് ഫലം കൊണ്ടുവരുന്ന സമയമാണ്. ഫലം കൊണ്ടുവരുന്ന സമയത്ത്) അതിൽ മറ്റൊരു ശക്തിയും അനുഗ്രഹവും ഉണ്ടാകുന്നു. കാരണം ഈ ശക്തി ഉണ്ടാകുന്നതിനു മുമ്പേ വൃക്ഷത്തിന് പൂക്കാൻ സാധിക്കുകയില്ല. കായ്ക്കുകയുമില്ല.'(ബറാഹീനെ അഹ്മദിയ്യ ഭാഗം 5, റൂഹാനീ ഖസായിൻ വാള്യം 21 പേജ് 209 അടിക്കുറിപ്പ്)

അങ്ങനെ ബലമുള്ളതായിക്കഴിഞ്ഞാൽ അല്ലാഹുവിന്റെ അനുഗ്രഹം ഇറങ്ങാൻ തുടങ്ങുന്നു. പിന്നീട് അല്ലാഹു ആ വൃക്ഷത്തിന് ഫലങ്ങൾ നല്കുന്നു. അത് അല്ലാഹുവിന്റെ അനുഗ്രഹത്തിൽ നിന്ന് അനുഗ്രഹം കരസ്ഥമാക്കുന്നു. ആയതിനാൽ നമ്മൾ വിനയം ഉണ്ടാക്കിയെടുക്കേണ്ടതാണ്. കാരണം, ഇതിലൂടെയാണ് നമുക്ക് ആത്മത്യാഗത്തിന്റെ കടമ നിറവേറ്റാൻ സാധിക്കുക., നമ്മുടെ ഈമാനിൽ പുരോഗമിക്കാൻ സാധിക്കുക. അനാവശ്യകാര്യങ്ങൾ ഇന്ന് നമ്മെ ചുറ്റിവളഞ്ഞിരിക്കുന്നു. അത് എല്ലാ വീടുകളിലും ടി.വി. യുടേയും, ഇന്റർനെറ്റിന്റേയും രൂപത്തിലുണ്ട്. അതിൽനിന്ന് രക്ഷപ്പെടാൻ സാധിക്കുന്നതാണ്. തങ്ങളുടെ ഈമാന്റെ പുരോഗതിക്കായി അതിൽനിന്ന് രക്ഷപ്പെടേണ്ടത് അനിവാര്യമാണ്. അപ്പോഴായിരിക്കും നമ്മൾ അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ട് പുഷ്പിക്കുകയും കായ്ക്കുകയും ചെയ്യുന്ന ശാഖകളായി മാറുക. നമ്മുടേയും നമ്മുടെ തലമുറകളുടേയും ഇഹപരലോകങ്ങൾ മനോഹരമാക്കിത്തീർക്കുന്നവരാകുക.

ഒരവസരത്തിൽ അവിടന്ന് ജമാഅത്തിന്റെ ശോഭനമായ 'ഭാവിയെ കുറിച്ച് അറിവ് നല്കിക്കൊണ്ട് പറഞ്ഞു: ഈ കാലഘട്ടവും ആത്മീയ യുദ്ധത്തിന്റെ കാലഘട്ടമാണ്. ശയ്ത്വാനുമായി യുദ്ധം ആരംഭിച്ചിരിക്കുന്നു, ശയ്ത്വാൻ തന്റെ മുഴുവൻ ആയുധങ്ങൾക്കൊണ്ടും കുതന്ത്രങ്ങൾക്കൊണ്ടും ഇസ്ലാമിന്റെ കോട്ടയെ അക്രമിച്ചുകൊണ്ടിരിക്കുകയാണ്. അവൻ ഇസ്ലാമിനെ പരാജയപ്പെടുത്താൻ ആഗ്രഹിക്കുന്നു. എന്നാൽ, അല്ലാഹു ഇപ്പോൾ ശയ്ത്വാനുമായുള്ള അവസാന യുദ്ധത്തിൽ അവനെ എന്നെന്നേക്കുമായി പരജയപ്പെടുത്താൻ വേണ്ടിയാണ് ഈ ജമാഅത്ത് സ്ഥാപിച്ചിരിക്കുന്നത്.

നമ്മുടെ അവസ്ഥകൾ ഈ വിധത്തിൽ ആണോ! നമ്മൾ ശയ്ത്വാനുമായുള്ള യുദ്ധത്തിന് എപ്പോഴും തയ്യാറാണോ എന്ന് പരിശോധന നടത്തേണ്ടതിന്റെ ആവശ്യമുണ്ട്.

പറയുന്നു, ഇതിനെ തിരിച്ചറിയുന്നവർ അനുഗൃഹീതർ. ഇനി പ്രതിഫലം കരസ്ഥമാക്കാൻ അല്പകാലമാണുള്ളത്. എന്നാൽ, അല്ലാഹു ഈ ജമാഅത്തിന്റെ സത്യതയെ സൂര്യനേക്കാൾ പ്രകാശിതമാക്കി കാണിക്കുന്ന കാലം അടുത്തുതന്നെ വരാനിരിക്കുന്നു. ആ സമയം ഈമാൻ പ്രതിഫലത്തിന് അർഹമല്ലാത്ത സമയം ആയിരിക്കും. സൂര്യനെപോലെ പ്രകാശിതമായിരിക്കുന്ന സമയത്ത് ആളുകൾ എന്തായാലും വിശ്വസിക്കും. എന്നാൽ, അത് പ്രതിഫലനത്തിന് അർഹമായിരിക്കുകയില്ല. തൗബയുടെ കവാടം അടക്കപ്പെട്ടതിന് തുല്യമായിരിക്കും അത്. സ്വീകാര്യത ഉണ്ടായിരിക്കും; എന്നാൽ, ഇന്നുള്ള നിലവാരം ഉണ്ടാകുകയില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഇപ്പോൾ എന്നെ വിശ്വസിക്കുന്നവർക്ക് തങ്ങളുടെ ദോഷപ്രവണമായ ആത്മാവുമായി പ്രത്യേകമായ നിലയിൽ വലിയൊരുയുദ്ധം ചെയ്യേണ്ടിവരുന്നു. ചിലപ്പോൾ അവർക്ക് സാഹോദര്യബന്ധത്തിൽ നിന്ന് വിട്ടുനിൽക്കേണ്ടതായി അവർ കാണുന്നു. അവരുടെ ഭൗതിക വ്യവഹാരത്തിൽ തടസ്സങ്ങൾ ഉണ്ടാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. അവർക്ക് ചീത്തവിളികൾ കേൾക്കേണ്ടതായിവരുന്നു. ഇന്ന് ഒരുപാട് രാജ്യങ്ങളിൽ പ്രത്യേകിച്ചും മുസ്ലിം രാജ്യങ്ങളിൽ ഇത് നടന്നു കൊണ്ടിരിക്കുന്നു. ശാപവാക്കുകൾ കേൾക്കേണ്ടതായിവരുന്നു. എന്നാൽ, ഈ എല്ലാ കാര്യങ്ങൾക്കുമുള്ള പ്രതിഫലം അല്ലാഹുവിന്റെ പക്കൽ നിന്ന് ലഭിക്കുകതന്നെ ചെയ്യും. പക്ഷേ, രണ്ടാമത്തെ സമയം വരുകയും ജനങ്ങളുടെ ശ്രദ്ധ ഒരു ഉയർന്ന കവാടത്തിൽനിന്ന് വെള്ളം വീഴുന്നതുപോലെ ആയിത്തീരുകയും നിഷേധികളായ ഒരാളെയും കാണാതാകുകയും ചെയ്യുമ്പോൾ വിശ്വസിക്കുന്നത് ഏത് നിലയിലുള്ള വിശ്വാസമായിരിക്കും? ആ സമയത്ത് വിശ്വസിക്കുന്നത് ധൈര്യശാലിയുടെ പണിയല്ല. എപ്പോഴും പ്രതിസന്ധിയുടെ കാലത്തുള്ള വിശ്വാസമാണ് പ്രതിഫലമർഹിക്കുന്നത്.

പറയുന്നു: ഹദ്റത്ത് അബൂബക്കർ (റ), നബി(സ) തിരുമേനി(സ)യെ വിശ്വസിച്ച് മക്കയുടെ നേതൃത്വം ഉപേക്ഷിച്ചു. അവിടന്ന് മക്കയുടെ സർ ദാർ ആകുമായിരുന്നു. എന്നാൽ, അല്ലാഹു അദ്ദേഹത്തിന് 'ഭൗതികമായും ഒരു രാജാധികാരം നല്കി. അതുപോലെ ഹദ്റത്ത് ഉമർ (റ) കമ്പിളി പുതച്ചു. അതായത്, ഇസ്ലാം സ്വീകരിച്ചതുകൊണ്ട് ഏകദേശം ദാരിദ്ര്യത്തിന്റെയും പ്രയാസത്തിന്റെയും അവസ്ഥയായി മാറി. ധനപരമായി അത്രയധികം കഴിവുണ്ടായിരുന്നില്ല.

പറയുന്നു: 'ഇനി എന്ത് തന്നെ സംഭവിച്ചാലും ശരി, നമ്മൾ നമ്മുടെ തോണി പുഴയിൽ ഇറക്കിയിരിക്കുന്നു എന്ന ഫാർസി ചൊല്ല് സാർഥകമാകുംവിധം ഹദ്റത്ത് ഉമർ(റ), നബി(സ)തിരുമേനിയെ സ്വീകരിക്കുകയാണ് ചെയ്തത്. അപ്പോൾ അല്ലാഹു അദ്ദേഹത്തിന്റെ പ്രതിഫലത്തിന്റെ ഏതെങ്കിലും ഭാഗം ബാക്കിയാക്കിയോ? ഒരിക്കലുമില്ല. ഏതൊരാളാണോ അല്ലാഹുവിനുവേണ്ടി അല്പമെങ്കിലും പ്രവർത്തിക്കുന്നത് അതിന്റെ പ്രതിഫലം പ്രാപിക്കുന്നത് വരെ അയാൾ മരിക്കുകയില്ല.' പ്രവർത്തിക്കണം എന്നതാണ് നിബന്ധന. സ്വയം പ്രവർത്തിക്കണം എന്നാണ് നിബന്ധന. സ്വയം മുന്നോട്ട് പോകേണ്ടതത് അനിവാര്യമാണ്. അപ്പോൾ അല്ലാഹു കനിഞ്ഞരുളുന്നു. ഒരു ഹദീഥിൽ വന്നിരിക്കുന്നു, ആരെങ്കിലും അല്ലാഹുവിലേക്ക് നിസാര വേഗത്തിൽ വന്നാൽ അല്ലാഹു അയാളിലേക്ക് ഓടിച്ചെല്ലുന്നു.'

പറയുന്നു: അല്പം മറഞ്ഞിരിക്കുമ്പോൾ വിശ്വസിക്കുകയെന്നതാണ് ഈമാൻ. പിറവിചന്ദ്രനെ കാണുന്ന കണ്ണിനാണ് തീവ്രമായ കാഴ്ച്ച ശക്തിയുള്ളത്. ആദ്യത്തെ രണ്ട് മൂന്ന് ദിവസത്തെ ചന്ദ്രനെ കാണുന്നയാളുടെ കാഴ്ച്ച ശക്തിയാണ് തീവ്രതയുള്ളത്. എന്നാൽ, പൗർണമി ചന്ദ്രനെ കണ്ട് ഞാൻ ചന്ദ്രനെ കണ്ടു എന്ന് പറഞ്ഞ് ബഹളം വെക്കുന്നവൻ ഭ്രാന്തനെന്ന് പറയപ്പെടും. (മൽഫൂദാത്ത് വാള്യം 5 പേജ് 25-26, 1985 ലണ്ടൻ പതിപ്പ്)

EDITOR
H.Shamsuddin
Mobile : +91-84376-99866
Sub Editor : Mohammad Ismaeel
Mobile : +91-94466-56123
e-mail : badarkerla@gmail.com

(Title Code:- PUNMAL00001)
ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516
Vol-1 Thursday 9 JUNE 2016 Issue-14

MANAGER
NAWAB AHMAD
Tel : +91-1872-224757
Mobile: +91-94170-20616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
ANNUAL SUBSCRIPTION Rs.300/-

**(പേജ് 2ൽ നിന്ന്)**

ചൗദ്രീ സർ സഫ്റുല്ലാഹ് ഖാൻ സാഹിബ്, ജർമനി മുബല്ലിഗ് ചൗദ്രീ അബ്ദുല്ലത്ത്വീഫ് സാഹിബ്, ലണ്ടൻ മുബല്ലിഗ് ബശീർ അഹ്മദ് റഫീഖ് സാഹിബ് എന്നിവരുടെ സാന്നിധ്യത്തിൽ സാഹിബ്സാദാ മുബാറക് അഹ്മദ് സാഹിബായിരുന്നു ശിലാകർമം നിർവഹിച്ചത്. ഹദ്റത്ത് ഖലീഫത്തുൽ ഥാനീ(റ)ആദ്യമെതന്നെ ഖാദിയാനിലെ മസ്ജിദ് മുബാറക്കിന്റെ ഇഷ്ടിക ശിലാകർമത്തിനായി ആദ്യമെ അയച്ചിരുന്നു.

സ്ത്രീകൾ ഈ മസ്ജിദിന്റെ നിർമാണത്തിനായി സാമ്പത്തിക ത്യാഗം ചെയ്തു. സ്ത്രീകളുടെ പണം കൊണ്ടാണ് ഈ മസ്ജിദ് നിർമിച്ചത്. ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് നുസ്റത്ത് ജഹാൻ(റ)ന്റെ നാ മത്തിലാണ് ഈ മസ്ജിദിന് "മസ്ജിദ് നുസ്റത്ത് ജഹാൻ" എന്നു പേരുവെക്കപ്പെട്ടത്.

ഈ മസ്ജിദ്, നിർമാണ വൈദഗ്ദ്ധ്യംകൊണ്ട് മികച്ചു നില്ക്കുന്നു. ഈ ഉത്തമമായ മാതൃക ഡെന്മാർക്ക് മുഴുവൻ പ്രശസ്തി കരസ്ഥമാക്കി.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്) തന്റെ ആദ്യത്തെ ഡെന്മാർക്ക് പര്യടനത്തിൽ 1967 ജൂലായ് 21 വെള്ളിയാഴ്ചയാണ് "മസ്ജിദ് നുസ് റത്ത് ജഹാൻ" ഉൽഘാടനം ചെയ്തത്.

മുബല്ലിഗ് ഇൻചാർജ് ഡെന്മാർക്ക് മീർ മസ്ഊദ് അഹ്മദ് സാഹിബ് തികച്ചും പ്രതികൂല സാഹചര്യത്തിൽ സ്ഥലം അന്വേഷിക്കുന്നതിനും വാങ്ങുന്നതിനും വിലപ്പെട്ട സേവനമാണ് ചെയ്തത്. ഈ മസ്ജിദ് നിർമാണത്തിന് മൊത്തം അഞ്ചു ലക്ഷം രൂപ ചെലവായി. ഈ മുഴുവൻ തുകയും സദ്ർ ലജ്ന മർക്കസിയ്യാ ഹദ്റത്ത് സയ്യിദ ഉമ്മു മത്തീൻ മർയം സിദ്ദീഖ സാഹിബായുടെ മേൽനോട്ടത്തിൽ അഹ്മദീ സ്ത്രീകളാണ് സമാഹരിച്ചത്. ഭൂരിഭാഗമാളുകളും തങ്ങളുടെ മുഴുവൻ ആഭരണങ്ങളും ചന്ദയിൽ നല്കി. തുടക്കത്തിൽ ചെലവു ഏകദേശം കണക്കാക്കിയിരുന്നത് രണ്ടുലക്ഷം രൂപയായിരുന്നു. പിന്നീട് നിർമാണത്തോടൊപ്പം ചെലവും വർധിച്ചുകൊണ്ടിരുന്നു. അഞ്ചു ലക്ഷം രൂപവരെ എത്തി. ലജ്ന തന്നെ ഈ മുഴുവൻ ചെലവും വഹിച്ചു. ലജ്നകൾ മാത്രം ചെലവെടുത്ത് നിർമിച്ചിട്ടുള്ള മസ്ജിദുകളിൽ ഒരു മസ്ജിദാണ് "മസ്ജിദ് നുസ്റത്ത് ജഹാൻ." മുമ്പേ ഈ "മസ്ജിദ് നുസ്റത്ത് ജഹാൻ"നോടു ചേർന്ന് ഒരു ചെറിയ മിഷൻ ഹൗസുണ്ടായിരുന്നു. എല്ലാത്തിനുമായിട്ട് ഒരു അടുക്കളയുമുണ്ടായിരുന്നു. അതിനോടു ചേർന്ന് ഒരു ചെറിയ ഓഫീസുമുണ്ടായിരുന്നു. ബേസ്മെന്റിൽ ഒരു സ്റ്റോറും 32 ചതുരശ്രമീറ്റർ വിസ്താരമുള്ള ഒരു ഹാളും രണ്ടു ചെറിയ വാഷ്റൂമുമുണ്ടായിരുന്നു. ഖുദ്ദാമുൽ അഹ്മദിയ്യായ്ക്കും MTAയ്ക്കുംവേണ്ടി ഉപയോഗിച്ചിരുന്ന രണ്ടു ചെറിയ മുറികളുമുണ്ടായിരുന്നു. ഇപ്രകാരം മുകളും താഴെയും ചേർത്ത് 201 ചതുരശ്രമീറ്ററായിരുന്നു മുഴുവൻ നിർമാണ സ്ഥലം.

ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ മസ്ജിദിനോടു ചേർന്നുള്ള ഭാഗം പൊളിച്ച് ഒരു വ ലിയ ഭാഗത്ത് പുതിയ നിർമാണം നടന്നു. ഇതുപോ ലെതന്നെ മസ്ജിദിന് എതിർവശത്തും വിശാലമായ നിർമാണപ്രവർത്തനം നടന്നു. രണ്ടു ഹാളുകൾ, ധാരാളം ഓഫീസുകൾ, ലൈബ്രറി, മിഷൻഹൗസ്, മുറബ്ബിഹൗസ്, ഗസ്റ്റ്ഹൗസ്, സ്റ്റോർ, വാഷ്റൂമുകൾ തുടങ്ങിയവയുണ്ട്. അതിനെക്കുറിച്ചുള്ള വിശദീകരണം മുമ്പേ വന്നു കഴിഞ്ഞിട്ടുണ്ട്.(തുടരും).

## ഉടനെ എഴുതുക or ഫോൺ ചെയ്യുക

താങ്കൾ വിശുദ്ധ ഖുർആന്റെ കല്പനകൾ, ഹദീഥുകൾ, ഹദ്റത്ത് മസീഹ് മൗഊദിന്റെ മാർഗനിർദേശങ്ങൾ എന്നിവയോടൊപ്പം ഹദ്റത്ത് അമീറുൽമുഅ്മിനീന്റെ ജുമുഅ ഖുത്ബകളിൽനിന്നും പ്രഭാഷണങ്ങളിൽനിന്നും അനുഗ്രഹം തേടാനാഗ്രഹിക്കുന്നെങ്കിൽ! താങ്കൾ താങ്കളുടെ കുടുംബത്തിന്റേയും കുഞ്ഞുകുട്ടികളുടേയും സത്യമായ പരിഷ്കരണത്തിന് വിശുദ്ധ ഖുർആന്റെ ജ്ഞാനങ്ങൾ അറിയാനാഗ്രഹിക്കുന്നെങ്കിൽ! താങ്കൾ ബദ്ർ പത്രം നിർബന്ധമായും വായിക്കുക. ബദ്ർ പത്രത്തിൽ എന്താണുള്ളത്? അതറിയാൻ നിങ്ങൾ നിങ്ങളുടെ ഭാഷയിൽ അതിന്റെ ഒരു മാതൃക വാങ്ങി നോക്കുക. ഉടനെ എഴുതുക, അല്ലെങ്കിൽ ഫോൺ ചെയ്യുക.

**മാനേജർ ബദ്ർ വീക്കിലി ഫോൺ: 094170-20616**

## നൂറുൽ ഇസ്ലാംവകുപ്പിന്റെ പ്രവർത്തന സമയം:

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

**(പേജ് 1ൽ നിന്ന്)**

ലഅ്നത്തല്ലാഹി അലൽ കാദിബീൻ കളവു പറയുന്നവരുടെമേൽ അല്ലാഹുവിന്റെ ശാപമുണ്ടാകട്ടെ.

(٧) قوله تعالیٰ-وَمَآ اَرْسَلْنَا مِنْ رَّسُوْلٍ اِلَّا لِيُطَاعَ بِاِذْنِ اللّٰهِ (الجزونمبر۵ سورۃ نساء)

അല്ലാഹുവിന്റെ അനുമതിയോടെ അനുസരിക്കപ്പെടുന്നതിനുവേണ്ടിയല്ലാതെ ഒരു ദൂതനേയും നാം അയച്ചിട്ടില്ല." (4:65) നബി വാജിബുൽ ഇത്താഅത്താണെന്ന് ഈ ആയത്തിൽ പ്രകടമാണ്. ആരെങ്കിലും നബിയുടെ അനുസരണവൃത്തത്തിൽനിന്ന് പുറത്തുപോയാൽ അവനെങ്ങനെ മോക്ഷം പ്രാപിക്കാൻ കഴിയും?

(٨)قوله تعالیٰ-قُلْ اِنْ كُنْتُمْ تُحِبُّوْنَ اللّٰهَ فَاتَّبِعُوْنِيْ يُحْبِبْكُمُ اللّٰهُ وَيَغْفِرْ لَكُمْ ذُنُوْبَكُمْ ط وَاللّٰهُ غَفُوْرٌ رَّحِيْمٌ ○ قُلْ اَطِيْعُوا اللّٰهَ وَالرَّسُوْلَ ج فَاِنْ تَوَلَّوْا فَاِنَّ اللّٰهَ لَا يُحِبُّ الْكٰفِرِيْنَ ○
(الجزونمبر۳ آل عمران)

"പറയുക, നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ വരിക; എന്നെ പിൻപറ്റുക. എങ്കിൽ നിങ്ങളെ അല്ലാഹു സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും ചെയ്യും. അല്ലാഹു ഏറ്റവും പൊറുക്കുന്നവനും കരുണാമയനുമാണ്. പറയുക നിങ്ങൾ അല്ലാഹുവിനേയും അവന്റെ ഈ റസൂലിനേയും അനുസരിക്കുക. നിങ്ങൾ അനുസരണത്തിൽനിന്ന് മുഖം തിരിക്കുകയാണെങ്കിൽ അല്ലാഹു ധിക്കാരികളെ ഇഷ്ടപ്പെടുകയില്ല." (3:32,33).

ഈ ആയത്തിൽനിന്ന് വളരെ വ്യക്തമായ നിലയിൽ പാപപ്പൊറുതിയും ദൈവസ്നേഹവും നബി(സ) തിരുമേനിയിൽ വിശ്വസിക്കുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് പ്രകടമാണ്. വിശ്വസിക്കാത്തവർ നിഷേധികൾ തന്നെയാകുന്നു. (ഹഖീഖത്തുൽ വഹ്യ്യ് റൂഹാനീ ഖസായിൻ വാല്യം 22 പേജ് 127-130)

# മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ-അത്ഫാലുൽ അഹ്മദിയ്യാ 2016 വാർഷിക ജൽസ

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലായുടെ അനുവാദത്തോടെ ഭാരത മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ 47-ാമതും അത്ഫാലുൽ അഹ്മദിയ്യായുടെ 37-ാമതും വാർഷിക ജൽസ 2016 ഒക്ടോബർ 15, 16, 17 എന്നീ ദിവസങ്ങളിൽ ഖാദിയാൻ ദാറുൽഅമാനിൽ സംഘടിപ്പിക്കുകയാണ്. ഈ ഇജ്തിമാഇൽ പങ്കെടുക്കുമെന്ന് ഖുദ്ദാം-അത്ഫാൽ എല്ലാവരും ഇപ്പോൾത്തന്നെ ഉറച്ച തീരുമാനം എടുക്കുക. ഖായിദുമാർ ഈ ഇജ്തിമായിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. അതുപോലെതന്നെ ഈ ഇജ്തിമാഇൽ ഖുദ്ദാം-അത്ഫാലിനെ പങ്കെടുപ്പിക്കുന്നതിന് വേണ്ടി ഖായിദുമാർ ആത്മാർഥതയോടെ പ്രവർത്തിക്കുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ജൽസയിൽ പങ്കെടുത്ത് അതിന്റെ അനുഗ്രഹങ്ങൾ വാരിക്കൂട്ടാൻ തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ

**സ്വദ്ർ ഇജ്തിമാ കമ്മിറ്റി, 2016 വാർഷിക ജൽസ**

## ഇടയത്താഴം

"നബി(സ)തിരുമേനി പറഞ്ഞു: നിങ്ങൾ അത്താഴം കഴിക്കണം. നിശ്ചയം അത്താഴം കഴിക്കുന്നതിൽ നന്മയുണ്ട്."
(ബുഖാരി, മുസ്ലിം)

**ത്വാലിബെ ദുആ:**

**അബ്ദുർറഹീം ശംസുദ്ദീൻ പഴയങ്ങാടി.**

## നോമ്പിലുള്ള വ്യത്യാസം

"നബി(സ)തിരുമേനി പറഞ്ഞു: നമ്മുടേയും വേദം നല്കപ്പെട്ടവരുടേയും നോമ്പു തമ്മിലുള്ള വ്യത്യാസം അത്താഴം കഴിക്കലാണ്."
(മുസ്ലിം)

**ത്വാലിബെ ദുആ:**

**പി.പി.ഹസ്സൻ കോയ, മഞ്ചേരി**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badr, at Fazle-Umar Printing Press Qadian, Harchowal Road Po. Qadian, Distt. Gurdaspur-143516, Punjab, India. And published at office of the Weekly Badr Moh- Ahmadiyya, Harchowal Road P.o Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin